# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-1/718/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-1/718/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-06-2022 | 16-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-06-2022 | 16-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് എസ്, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ. പുഷ്പരാജ് വി കെ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സിജി ജോൺ , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ പി ആർ ഹരിക്കുട്ടൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | സെക്രട്ടറി | 12-11-2020 | 10-01-2021 |

| | | | |
|---|---|---|---|
| ശ്രീ സുധീഷ് ടി എസ് | പ്രസിഡന്റ് | 11-01-2021 | 31-03-2021 |
| ഗീതാ കുമാരി | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീദേവി കെ ജി | സെക്രട്ടറി | 04-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി . പ്രസീജ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി . ആശാ നായർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ. മനു മോഹൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ജെയിംസ് പി ജോയി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ഷംസുദ്ദീൻ സി എം | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി . ശോഭ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. പ്രദീഷ് പി | വി ഇ ഒ (ഒറ്റപ്പന്ന സർക്കിൾ) | 01-04-2020 | 27-12-2020 |
| വാക്കന്റ് | വി ഇ ഒ (ഒറ്റപ്പന്ന സർക്കിൾ) | 25-12-2020 | 27-12-2020 |
| ശ്രീമതി.രാജേശ്വരി പി | വി ഇ ഒ (ഒറ്റപ്പന്ന സർക്കിൾ) | 28-12-2020 | 22-03-2021 |
| വാക്കന്റ് | വി ഇ ഒ (ഒറ്റപ്പന്ന സർക്കിൾ) | 23-03-2021 | 31-03-2021 |
| ശ്രീമതി . ദീപ | വി ഇ ഒ (തിരുനെല്ലൂർ സർക്കിൾ) | 01-04-2020 | 07-09-2020 |
| വാക്കന്റ് | വി ഇ ഒ (തിരുനെല്ലൂർ സർക്കിൾ) | 08-09-2020 | 13-09-2020 |
| ശ്രീമതി.ബിൻസി അഗസ്റ്റിൻ | വി ഇ ഒ (തിരുനെല്ലൂർ സർക്കിൾ) | 14-09-2020 | 01-02-2021 |
| വാക്കന്റ് | വി ഇ ഒ (തിരുനെല്ലൂർ സർക്കിൾ) | 02-02-2021 | 28-02-2021 |

| | | | |
|---|---|---|---|
| ശ്രീ.സാദിഖ് | വി ഇ ഒ (തിരുനെല്ലൂർ സർക്കിൾ) | 01-03-2021 | 31-03-2021 |
| ശ്രീ . വാമനൻ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി . പ്രവീണ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി . ലീന ഡെന്നീസ് | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി . ജയശ്രീ നായിക് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 07-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 07-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 20-06-2022) | 1-3 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 16-06-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- ന്യൂനതകൾ സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 16-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 1-7 |
| 10 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-9 |
| 12 | പണം അടവാക്കൽ - അപാകതകൾ<br>Written By: Siji (Auditor, On 15-06-2022)<br>Last Updated By: Siji (Auditor, On 16-06-2022) | 1-10 |
| 13 | തൊഴിൽ നികുതി ഇനത്തിൽ തുക ഈടാക്കാൻ ബാക്കി നില്ക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-11 |
| 14 | ഡി.& ഒ.ലൈസൻസ് - അപാകതകൾ<br>Written By: Siji (Auditor, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-12 |
| 15 | റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് - നഷ്ടം 51000/-<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-13 |
| 16 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസിൽ നിന്നും വാടക ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-14 |
| 17 | പാലിന് സബ്സിഡി- ഉണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് | 1-15 |

| | | |
|---|---|---|
| | ചെയ്യപ്പെട്ടില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | |
| 18 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ നിയമന രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 18-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-16 |
| 19 | ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ നിശ്ചിത സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-17 |
| 20 | ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് ഒടുക്കിയത്- രസീപ്റ്റ് ലഭ്യമല്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-18 |
| 21 | പെയിന്റിംഗ് അധികച്ചെലവ് -2653/-<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-19 |
| 22 | ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് - തെറ്റായിട്ട് അളവു രേഖപ്പെടുത്തിയതു വഴി അധികച്ചെലവ് 4076/-<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-20 |
| 23 | സൈറ്റിൽ മണ്ണ് ലഭ്യമായിട്ടുള്ളപ്പോൾ ഇത് ഉപയോഗിക്കാതെ ഫില്ലിംഗിന് കരാറുകാരന് തുക അനുവദിച്ചു.അധികച്ചെലവ് 10392/-<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-21 |
| 24 | കല്ലുകെട്ട് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് MoRD സ്പെസിഫിക്കേഷനിൽ തയ്യാറാക്കിയത് അധികച്ചെലവിനിടയാക്കി<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-22 |
| 25 | MLA- SNDP റോഡ് ടാറിംഗ് - റോഡ് ഉയർത്തിയ ഭാഗത്ത് മെറ്റലിംഗ് 10cm കനത്തിൽ ചെയ്തത് ഗുണമേന്മയെ ബാധിക്കാനിടയായി<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-23 |
| 26 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: Rajeev R (Deputy Director, On 01-07-2022) | 1-24 |
| 27 | ടാർ വീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-25 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -പ്രോജക്ടിനായി ചെലവഴിച്ചത് 5.5ലക്ഷം-ലാപ് ടോപ്പ് വിതരണം നടത്താനായില്ല<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 20-06-2022) | 1-26 |
| 29 | ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്.<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 20-06-2022) | 1-27 |
| 30 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അധിക തുക നല്കിയത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-28 |

| | | |
|---|---|---|
| 31 | 2.5 ലക്ഷത്തിൽ അധികരിച്ച വാങ്ങലുകളിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി. ഈടാക്കിയില്ല.<br>Written By: Siji (Auditor, On 15-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-29 |
| 32 | ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ - ഗ്രാമപഞ്ചായത്തിലുൾപ്പെടാത്തയാൾക്ക് നല്കിയത് സംബന്ധിച്ച്<br>Written By: Siji (Auditor, On 15-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 30-06-2022) | 1-30 |
| 33 | അംഗൻവാടി പോഷകാഹാരം – ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: Siji (Auditor, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-31 |
| 34 | ഇ-ടെന്റർ ഫീസ്<br>Written By: S.Suresh (Audit Officer (HG), On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-32 |
| 35 | സാന്ത്വന പരിചരണം - മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 20-06-2022) | 1-33 |
| 36 | പരസ്യ ചാർജ് ഡിസ്കൗണ്ട് അനുവദിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-34 |
| 37 | വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നില്ല- ഫൈൻ വർദ്ധിക്കുന്നു.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: Rajeev R (Deputy Director, On 01-07-2022) | 1-35 |
| 38 | ഗാർഹിക കുടിവെള്ള കണക്ഷൻ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-36 |
| 39 | ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള പ്രോജക്ടുകൾ<br>Written By: Siji (Auditor, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-37 |
| 40 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 30-06-2022) | 1-38 |
| 41 | ഐ.കെ.എം വിഹിതം അടവാക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-39 |
| 42 | ഭക്ഷണക്കിറ്റ് വിതരണം - പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ അക്കൌണ്ടിലേയ്ക്ക് തുക നല്കി<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-40 |
| 43 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-41 |
| 44 | ഇരട്ട വീട് ഒറ്റ വീട് ആക്കൽ പദ്ധതി -പണി പൂർത്തകരിച്ചിട്ടില്ല<br>Written By: Renju Prakash (Senior Grade Auditor, On 18-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-42 |
| 45 | തൊഴിലുറപ്പ് പദ്ധതി -ഓടമുട്ട നിർമ്മാണം പാർട്ട് 2 -വാർഡ് 10,11 അധികച്ചെലവ് 54745/-<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 1-43 |

| | | |
|---|---|---|
| 46 | തൊഴിലുറപ്പ് പദ്ധതി-ഓരുമുട്ട നിർമ്മാണം പാർട്ട് 2 -വാർഡ് 7,8,9- അധികച്ചെലവ് 52271/-<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-44 |
| 47 | വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: Rajeev R (Deputy Director, On 01-07-2022) | 1-45 |
| 48 | ഗ്രാവൽ ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെതുക അനുവദിച്ചു.<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-46 |
| 49 | വിവിധ പ്രവൃത്തികളുടെ മസ്റ്റർ റോളിലെ അപാകതകൾ<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-47 |
| 50 | തൊഴിലുറപ്പ് പദ്ധതി- ഡ്രെയിനേജ് വാർഡ് -1 അധികച്ചെലവ് 4280<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-48 |
| 51 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ 10mm സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല.<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-49 |
| 52 | മസ്റ്റർ റോളിലെ അപാകതകൾ - വേതനം അധികം നൽകിയത് 65880/-<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-50 |
| 53 | കോവിഡ് 19 അവലോകന റിപ്പോർട്ട്<br>Written By: Pushparaj V.K (Asst. Audit Officer, On 16-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 1-51 |
| ഭാഗം **2** | | |
| 1 | റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് - നഷ്ടം 51000/-<br>Written By: S.Suresh (Audit Officer (HG), On 18-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 01-07-2022) | 2-1 |
| ഭാഗം **3** | | |
| 1 | പെയിന്റിംഗ് അധികച്ചെലവ് -2653/-<br>Written By: S.Suresh (Audit Officer (HG), On 18-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 20-06-2022) | 3-1 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് - തെറ്റായിട്ട് അളവു രേഖപ്പെടുത്തിയതു വഴി അധികച്ചെലവ് 4076/-<br>Written By: S.Suresh (Audit Officer (HG), On 18-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 20-06-2022) | 3-2 |
| 3 | സൈറ്റിൽ മണ്ണ് ലഭ്യമായിട്ടുള്ളപ്പോൾ ഇത് ഉപയോഗിക്കാതെ ഫില്ലിംഗിന് കരാറുകാരന് തുക അനുവദിച്ചു.അധികച്ചെലവ് 10392/<br>Written By: S.Suresh (Audit Officer (HG), On 18-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 20-06-2022) | 3-3 |
| 4 | ഗ്രാവൽ ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെതുക അനുവദിച്ചു.<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 20-06-2022) | 3-4 |
| 5 | തൊഴിലുറപ്പ് പദ്ധതി -ഓരുമുട്ട നിർമ്മാണം പാർട്ട് 2 -വാർഡ് 10,11 അധികച്ചെലവ് 54745/-<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 20-06-2022) | 3-5 |

| | | |
|---|---|---|
| 6 | വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 20-06-2022) | 3-6 |
| 7 | തൊഴിലുറപ്പ് പദ്ധതി- ഡ്രെയിനേജ് വാർഡ് -1 അധികച്ചെലവ് 4280<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 3-7 |
| 8 | മസ്റ്റർ റോളിലെ അപാകതകൾ - വേതനം അധികം നൽകിയത് 65880/-<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 19-06-2022) | 3-8 |
| 9 | തൊഴിലുറപ്പ് പദ്ധതി-ഓരുമുട്ട നിർമ്മാണം പാർട്ട് 2 -വാർഡ് 7,8,9- അധികച്ചെലവ് 52271/-<br>Written By: S.Suresh (Audit Officer (HG), On 19-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 30-06-2022) | 3-9 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 18-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Renju Prakash (Senior Grade Auditor, On 16-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 16-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 17-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 17-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 17-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 17-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: S.Suresh (Audit Officer (HG), On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Renju Prakash (Senior Grade Auditor, On 17-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 17-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചേന്നം – പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് 13.03.2020തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 10.02.2021 -ൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 244325460 | 240086740 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 209007109 | 212433466 |

## 1-2 വാർഷികധനകാര്യപത്രിക

ഐ.എൽ.ജി.എം.എസ് മുഖേന വാർഷിക ധനകാര്യ പത്രിക ഇ-സബ്മിഷനായി എയിംസിൽ ലഭ്യമാക്കുന്നതിന് സാങ്കേതിക തടസ്സം ഉണ്ടായിരുന്നതിനാൽ ഇ-മെയിൽ മുഖാന്തിരമാണ് ഓഡിറ്റിനായി വാർഷിക കണക്ക് ലഭ്യമാക്കിയിരുന്നത്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 06.08.2021 |

സാങ്കേതിക ക്രമീകരണങ്ങൾ വരുത്തി വാർഷിക ധനകാര്യ പത്രിക 05.07.2022-ൽ മാത്രമാണ് എയിംസിൽ ഇ-സബ്മിറ്റ് ചെയ്യാൻ സാധിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

*1.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ അബ്സ്ട്രാക്ടിൽ ആകെ വരവും ആകെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആകെ വരവ് 106502489/-രൂപയും ആകെ ചെലവ് 108864740/-രൂപയും ആണ്.*

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം സബ് ട്രഷറി പൂച്ചാക്കൽ (706071400000003) എന്ന അക്കൌണ്ടിൽ 1269726/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ ഈ അക്കൌണ്ട് 08.05.2020 തീയതിയിൽ ക്ലോസ് ചെയ്തതാണെന്ന് കാണുന്നു.

3.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം Co-operative Bank Account Of Own Revenue Fund എന്ന അക്കൌണ്ടിൽ 4350/-രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇപ്രകാരം ഒരു അക്കൌണ്ട് മുൻവർഷ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടതായും കാണുന്നില്ല. 2020-21 സാമ്പത്തിക വർഷം അപ്രകാരം ഒരു അക്കൌണ്ട് ആരംഭിച്ചതായും കാണുന്നില്ല.

4.ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട് (4039/10/01/000179) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Cleared എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 7414438 | 15.09.2020 | 16250 |
| 2 | 974530 | 25.09.2020 | 2500 |
| 3 | 2709341 | 15.09.2020 | 2500 |
| 4 | 586129 | 31.12.2019 | 23904 |
| 5 | 2509520 | 18.09.2020 | 5000 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5.Advance നല്കിയ തുകകളുടെയൊന്നും തന്നെ വിശദാംശം പ്രത്യേക ഹെഡുകളിൽ രേഖപ്പെടുത്താതെ Amount Payable To Other Creditors എന്ന ഹെഡിൽ രേഖപ്പെടുത്തപ്പെടുന്നതിനാൽ മുൻകൂർ നല്കിയ തുകകളുടെ വിശദാംശം പരിശോധിക്കാനാവുന്നില്ല.

6.പെർമിറ്റ് രജിസ്റ്ററിൽ 2020-21 സാമ്പത്തിക വർഷത്തെ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

7.31.03.2021-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പ്രകാരം Advance Collection Of Revenues- License Fees For Factories, Traders, Enterpreneurs And Other Services എന്നയിനത്തിൽ 304710/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 154660/-രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

8.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14 പ്രകാരം Infrastructure Facilities – Transportation Assistance To Milk Societies Which Does Not Have Milk Routs എന്നയിനത്തിൽ 2244348/-രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ ഈ തുക തൻവർഷം ക്ഷീരകർഷകർക്ക് പാലുത്പാദിപ്പിച്ചതിനുള്ള സബ്സിഡിയായി നല്കിയ തുകയാണ്.

9.വസ്തു നികതി ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10.തൻവർഷം ഗാർഹിക കുടിവെള്ള കണക്ഷൻ നല്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ മിഷനിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത 4500000/-രൂപയുടെ പ്രവർത്തി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കെ.എസ്.ഇ.ബി-യിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത 27009/-രൂപയുടേയും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ ഈ തുകകളൊന്നും ബാലൻസ് ഷീറ്റ് B-18 സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട വന്നിട്ടില്ല.
*11.എയിംസിൽ ഇ-സബ്മിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ അബ്സ്ട്രാക്ടിൽ Gross Surplus / Deficit Of Income Over Expenditure തുകകൾ +Ve തുകകളായാണ് രേഖപ്പെടുത്തിയിരിക്കുന്നത് മാനുവലായി സമർപ്പിച്ചിട്ടുള്ള ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഇവ -Ve തുകകളാണ്. യഥാർത്ഥത്തിൽ ഇവ നെഗറ്റീവ് തുകകളാണ്.*

*12.എയിംസിൽ ഇ-സബ്മിറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ ഷെഡ്യൂളിനൊപ്പമുള്ള അബ്സ്ട്രാക്ടിൽ Gross Surplus / Deficit Of Income Over Expenditure After Prior Period Items ഇനത്തിലുള്ള തുക (-)3715101/-രൂപയും, മാനുവലായി സമർപ്പിച്ചിട്ടുള്ള ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ 3137613/-രൂപയും ആണ്.*

*13. കൂടാതെ ഇ സബ്മിറ്റ് ചെയ്യപ്പെട്ട ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ അബ്സ്ട്രാക്ടിലെ തുകകളും, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിന്റെ ഷെഡ്യൂളിനൊപ്പമുള്ള അബ്സ്ട്രാക്ടിലെ തുകകളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.*

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15190713 |
| വരവ് | 91311776 |
| ആകെ | 106502489 |
| ചെലവ് | 84413109 |
| നീക്കിയിരിപ്പ് | 24451632 |
| വരവിനങ്ങളിലെ നഷ്ടം | 51000 |
| ചെലവിനങ്ങളിലെ നഷ്ടം | 185987 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6180606 |

## 1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 19089568 | 19089568 | 6186432 | 19057033 | 32535 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 8836373 | 8836373 | 380627 | 6014711 | 2821662 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 238745 | 238745 | 29255 | 31843 | 31843 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 4766000 | 4766000 | | 4510431 | 255569 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 5400815 | 5400815 | 55185 | 3769124 | 1631691 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 7550000 | 7550000 | -- | 5937295 | 1612705 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 14242514 | 14242514 | -- | 8270248 | 5972266 (ലാപ്സായി) |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്- ന്യൂനതകൾ സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (6186432/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 19089568 | 19089568 | 25243465 | (-)6153897 |
| യഥാർത്ഥ തുക | 0 | 25276000 | 25276000 | 25243465 | 32535 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (380627/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 8836373 | 8836373 | 6395338 | 2441035 |
| യഥാർത്ഥ തുക | | 9217000 | 9217000 | 6395338 | 2821662 |

3.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ടി.എസ്..പി വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (29255/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 238745 | 238745 | 236157 | 2588 |
| യഥാർത്ഥ തുക | | 268000 | 268000 | 236157 | 31843 |

4.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഇനത്തിൽ വരവ്, ചെലവ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത് വോട്ടിംഗ് മെഷീന് ചെലവ് ഇനത്തിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (55185/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, ചെലവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 5400815 | 5400815 | 3769124 | 1631691 |
| യഥാർത്ഥ തുക | | 5456000 | 5456000 | 3824309 | 1631691 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 227422492 | 151 | 72401208 | | 45 | 32% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 751951 | 1259496 | 2011447 | 1259496 | 751951 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 53659730 | 53659730 | 53659730 | |
| ആകെ | 751951 | 54919226 | 55671177 | 54919226 | 751951 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 174120 | 247 |
| കർഷകതൊഴിലാളി പെൻഷൻ | 5320000 | 292 |
| വിധവാപെൻഷൻ | 15990500 | 375 |
| വാർദ്ധക്യകാലപെൻഷൻ | 45623000 | 2958 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 7966500 | 430 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |
| 50വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 141800 | 72 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 തീയതിയിൽ 12:55 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 895/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം

1.ഗ്രാമപഞ്ചായത്തിലെ ദൈനംദിനപ്രവർത്തനങ്ങൾ സുതാര്യവും ജനകീയവും ആക്കി മാറ്റുന്നതിനായി 02.07.09 ലെ, തദ്ദേശസ്വയംഭരണവകുപ്പിന്റെ 123/09 നം. ഉത്തരവു പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം സ്ഥാപനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.
2.ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്
3.പഞ്ചായത്തിലെ തൻവർഷത്തെ തനതുവരവ് പൂർണ്ണമായും ഈടാക്കുവാൻ സാധിച്ചിട്ടില്ല.
4.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ എല്ലാം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.
6.ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കിയതിനു ശേഷം പദ്ധതികളുടെ നിർവ്വഹണത്തിലുടനീളം ശ്രദ്ധചെലുത്തേണ്ടതും മോണിട്ടറിംഗ് കമ്മിറ്റികൾ എന്ന നിലയിൽ പ്രവർത്തിക്കേണ്ടതുമാണ്.
7.ഡി &ഒ ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനം ആവശ്യമായ എല്ലാ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
8. ഓരോ വർഷത്തേക്കും കരാർ വ്യവസ്ഥയിൽ നിയമിതരാകുന്നവരുടെ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ കരാർ പുതുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-10 പണം അടവാക്കൽ - അപാകതകൾ

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ പണം അടവാക്കൽ- പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ തനത് ഫണ്ട് വരവുകളിൽ താഴെപ്പറയുന്ന താഴെപ്പറയുന്ന ദിവസങ്ങളിലെ ചെക്കുകൾ ബാങ്കിൽ നല്കിയിട്ടുണ്ടെങ്കിലും ക്രെഡിറ്റായി കാണുന്നില്ല.

| ക്രമ നം. | തുക | ഡേ ബുക്ക് തീയതി |
|---|---|---|
| 1 | 9450/- | 22.9.21 |
| 2 | 8329/- | 31.3.22 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/13.6.22) മറുപടി ലഭ്യമാക്കിയില്ല. തുക ലഭ്യമായ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഇനത്തിൽ തുക ഈടാക്കാൻ ബാക്കി നില്ക്കുന്നു

എ)ഒന്നാം / രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഒടുക്കിയ തുക അർദ്ധവർഷം |
|---|---|
| അലഫിക്സ് | 3250 (1) |

| | |
|---|---|
| ദീപ്തി ഫുഡ്സ് | 3180(2) |

ബി)താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

1.എച്ച് ഡി എഫ് സി

2.പള്ളിപ്പുറം വില്ലേജ് എസ് സി ബി ലിമി. നം.-335

3.തിരുനെല്ലൂർ എസ് സി ബി നം.1250

സി) തൊഴിൽ നികുതി ഇനത്തിൽ ചെക്ക് മുഖേന വരവ് വന്ന 16250/- രൂപ ( ചെക്ക് നം .- 7414438 , തീയതി -15.09.2020 ) അക്കൌണ്ടിലേയ്ക്ക് ക്രഡിറ്റ് ആയിട്ടില്ല.

വിശധീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 11, 11.06.2022) ല്യമാക്കിയ മറുപടിയിൽ

## 1-12 ഡി.& ഒ.ലൈസൻസ് - അപാകതകൾ

ഡി.& ഒ.ലൈസൻസ് നല്കിയിരിക്കുന്നതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I. ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിലുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ നിരവധി കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ഡി.&ഒ. ലൈസൻസ് , മോട്ടോർ റണ്ണിംഗ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കിയതായിട്ടുള്ളത്. ലൈസൻസ് എടുക്കാത്തതായി കാണുന്ന ചില സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

1 ഫുഡ് പാർക്ക് (ഫുഡ് പാർക്കിൽ വിവിധ സ്ഥാപനങ്ങളുണ്ട്)

2. പ്രൊട്ടക്ക്

3. അറഫ

4. സൺ അക്വാട്ടിക്

5. കേയി മറൈൻ

6. അൽ മറൈൻ

7. ബുസ്താൻ അലി

8. റോയൽ മറൈൻ

KSIDC യുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അവ ലൈസൻസ് എടുക്കുന്നതിനുവേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകൾ, റേഷൻ കടകൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതായി കാണുന്നില്ല.

ദൈനംദിനം പഞ്ചായത്തുമായി ഇടപാടുകൾ നടത്തുന്ന അക്ഷയസെന്ററുകൾ ഒന്നുംതന്നെ ഡി. & ഒ. ലൈസൻസ് എടുക്കാതെയാണ് വർഷങ്ങളായി പ്രവർത്തിക്കുന്നത്.

നിലവിലെ ചട്ട പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കേണ്ടതാണെന്ന പഞ്ചായത്ത് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും കത്തിന്റെ അടിസ്ഥാനത്തിൽ, സിവിൽ സപ്ലൈസ് കമ്മീഷണർ 22.1.19 ലെ നമ്പർ (സി.എസ്.) എ.9-764/2019 കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിൽനിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരെയും അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ റേഷൻ കടകൾ ലൈസൻസ് നേടിയും തൊഴിൽനികുതി അടവാക്കിയുമാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ റേഷൻകടകൾ ലൈസൻസ് എടുത്തിട്ടുള്ളതായോ തൊഴിൽനികുതി അടവാക്കിയതായോ കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

III. പെട്രോൾപമ്പുകൾ ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നു .

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന മൂന്ന് പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ ഡി. & ഒ. ലൈസൻസ് അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

| ക്രമ | സ്ഥാപനങ്ങൾ | ലൈസൻസ് | രസീത് നം. | റിമാർക്സ് |
|---|---|---|---|---|

| നം. | | നം. | | |
|---|---|---|---|---|
| 1 | വെളിയിൽ ഫ്യൂവൽസ് | 8/20-21 | 119030103689/25.2.20 | നിരാക്ഷേപപത്രങ്ങൾ ഒന്നുമില്ല. |
| 2 | അംബ ഫ്യൂവൽസ് | 143/20-21 | 119030103926/2.3.20 | (PESO സർട്ടിഫിക്കറ്റ് മാത്രമാണുള്ളത്) |
| 3 | ചൂഴിക്കാട്ട് ഫ്യൂവൽസ് | 186/20-21 | 119030100171, 172/19.3.20 | PCB സർട്ടിഫിക്കറ്റ് മാത്രമാണുള്ളത് |

കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡിന്റെ പി.സി.ബി./എ.എൽ.പി./റ്റി.ജി.-500/21/01.02.21 കത്ത് പ്രകാരം പഞ്ചായത്ത് അധികാരപരിധിയിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ ബോർഡിന്റെ സാധുതയുള്ള അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നും ഇല്ലാത്തവയ്ക്ക് ലൈസൻസ് പുതുക്കിനല്കുവാൻ പാടുള്ളതല്ല എന്നും ഇല്ലാത്തവയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും അറിയിച്ചിട്ടുണ്ട്.

പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ നല്കുന്ന എക്സ്പ്ലോസീവ് ലൈസൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നല്കുന്ന പൊലൂഷൻ സർട്ടിഫിക്കറ്റ്, സംസ്ഥാന ഫയർ & റെസ്ക്യൂ ലൈസൻസ്, തദ്ദേശ സ്ഥാപനങ്ങൾ നല്കുന്ന ഡി. & ഒ. ലൈസൻസ് എന്നിവ ആവശ്യമാണ്. ഇത്തരത്തിൽ രേഖകളില്ലാതെ പ്രവർത്തിക്കുന്ന പമ്പുകളിൽ അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകില്ല എന്നും ഇത്തരം ലൈസൻസുകൾ നേടാതെ പമ്പുകൾ പ്രവർത്തിക്കുന്നതുമൂലം സർക്കാരിന്/തദ്ദേശ സ്ഥാപനങ്ങൾക്ക് ഭീമമായ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്നും സൂചിപ്പിച്ച് 06.09.2020ൽ ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിന്റെ ഹോം-എസ്.എസ്.4/155/2020-ഹോം നമ്പർ കുറിപ്പ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

പെട്രോൾ പമ്പുകൾ മേൽ ലൈസൻസുകൾ ഹാജരാക്കിയ വിവരം അറിയിക്കേണ്ടതാണ്. വെളിയിൽ ഫ്യൂവൽസ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിരിക്കുന്നത് ഹൈക്കോടതി കേസ് നം. WP(C) No.6549/18 ലെ ഇടക്കാല ഉത്തരവാണ്. ലഭ്യമാക്കിയ ഇടക്കാല ഉത്തരവിനുശേഷമാണ് മേൽ കത്തുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ പെട്രോൾ പമ്പുകൾ ആവശ്യമായ നിരാക്ഷേപപത്രങ്ങൾ നേടിയാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

IV. ഡി. & ഒ. ലൈസൻസിനുള്ള താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ /കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ആലപ്പി ഫൈബർ ടഫ്റ്റ് പ്രൈ.ലി. - 7/510 – GIC Land | 119030104225/19.3.20 | 10000 | 5000 | 5000 |
| പൊലൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ് നം. PCB/ALP/UCO-2478 /12/30.10.19 പ്രകാരം മൂലധന നിക്ഷേപം 592 ലക്ഷം രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 5 കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം മീഡിയം എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

V. പഞ്ചായത്ത് ഡയറക്ടറുടെ 13.3.19 ലെ പി.എ.എൻ.3053/2019-സി.4 (ഡി.പി.) നമ്പർ കത്ത് പ്രകാരം ക്ലിയറൻസ്

കാലാവധി വരെ മാത്രമേ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ താഴെപ്പറയുന്ന അപേക്ഷയിൽ നിരാക്ഷേപപത്രത്തിന്റെ കാലാവധി കണക്കാക്കാതെ ലൈസൻസ് നല്കിയിട്ടുള്ളതായി കാണുന്നു.

| ലൈസൻസ് നം | അപേക്ഷകൻ | രസീത് നം. | അപാകത |
|---|---|---|---|
| 264 | മനു കടവൻ കല്ലറയ്ക്കൽ കടവിൽ (കയർ ഉല്പന്നങ്ങൾ) | 120030100260/28.5.20 | ലഭ്യമാക്കിയിരിക്കുന്ന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നം. PCB/ALP/UCO-458/07/23.3.18 സർട്ടിഫിക്കറ്റിന്റെ കാലാവധി 31.8.20 വരെ മാത്രമാണ്. |

ദീർഘനാളത്തേക്കുള്ള നിരാക്ഷേപ പത്രങ്ങൾ മുൻവർഷങ്ങളിലെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നിലവിലെ ലൈസൻസിനൊപ്പം ചേർക്കേണ്ടതാണ്. കൂടാതെ ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കാതെയാണ് പല ലൈസൻസുകളും അനുവദിച്ചിരിക്കുന്നത്.
ഡി. & ഒ. ലൈസൻസിനുള്ള ഭൂരിഭാഗം അപേക്ഷകരിൽ നിന്നും നാമമാത്രമായ വാർഷിക തൊഴിൽനികുതിയാണ് ഈടാക്കിവരുന്നത്. ബന്ധപ്പെട്ട വാർഡ് ഉദ്യോഗസ്ഥന്റെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാർഷിക തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/15.6.22 ) മറുപടി ലഭ്യമാക്കിയില്ല.
ക്രമ നം.IV ൽ സൂചിപ്പിച്ചിട്ടുള്ള തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

ഓഡിറ്റ് ഇംപാക്ട്

15.6.22 ൽ പഞ്ചായത്തുമായി ദൈനംദിനം ഇടപാടുകൾ നടത്തുന്ന അക്ഷയ സെന്ററുകൾ വർഷങ്ങളായി ഡി. & ഒ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിനെത്തുടർന്ന് 16.6.22 ൽ പഞ്ചായത്തിലെ 3 അക്ഷയ സെന്ററുകൾ 1220900102 മുതൽ 1220900106 വരെ രസീതുകളിലായി ഡി. & ഒ. ലൈസൻസ് എടുക്കുകയും ആദ്യ അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കുകയും ചെയ്തിട്ടുണ്ട്.

## 1-13 റോഡ് കട്ടിംഗ് റെസ്റ്റോറേഷൻ ചാർജ്ജ് - നഷ്ടം 51000/-

പൂച്ചാക്കൽ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ 5-05-20 ലെ കത്തിലെ ( DB7/20-21/ES-PCKL) അപേക്ഷയനുസരിച്ച് 358 മീറ്റർ നീളം മെഗാ ഫുഡ് പാർക്കിലേക്ക് റോഡ് മുറിച്ച് പൈപ്പ് ഇടുന്നതിന് അനുമതി തേടിയിട്ടുണ്ട്. ഇതിന് AE ,LSGD തയ്യാറാക്കിയ റെസ്റ്റോറേഷൻ ചാർജ്ജ് 144235/- ആയിരുന്നു.ടി തുക പഞ്ചായത്ത് ഓഫീസിൽ ഒടുക്കി അനുമതി വാങ്ങാവുന്നതാണെന്ന് അറിയിച്ച് കൊണ്ട് 13-05-20 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത്നൽകിയിരുന്നു.ഡിമാന്റ് ചെയ്ത തുക വളരെ കൂടുതലാണെന്നും റോഡ് കട്ട് ചെയ്യുന്നത് 16 മീറ്ററാണെന്നും ബാക്കി 342 മീറ്റർ നീളം 1.20 മീറ്റർ ആഴത്തിലും 0.70 മീറ്റർ വീതിയിലും കേബിൾ ഇടുന്നത്ഫുട്പാത്ത് ഏരിയയിലുമാണെന്ന് കാണിച്ച് കൊണ്ട് പൂച്ചാക്കൽ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ 25-05-20 ലെ കത്തിൽ ( DB7/20-21/ES-PCKL) റോഡ് മുറിച്ച് പൈപ്പ് ഇടുന്നതിന് വീണ്ടും അനുമതി തേടിയിട്ടുണ്ട്. ഇതിന് AE ,LSGD സൈറ്റ് പരിശോധിച്ച് തയ്യാറാക്കിയ റെസ്റ്റോറേഷൻ ചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| Berm Cutting | 350 X 0.70 = 245m2 | 245 @329.87 /M2= 80818 |
| Tar Road Cutting | 2 X4 X0.70 =5.6 M2 | 5.6 X 4752.2/m2 = 26612 |
| | ആകെ | 107430 |

ഇതനുസരിച്ച് ചെക്ക് നമ്പർ 285438/26-06-20 പ്രകാരം ഫീസ് ഒടുക്കിയതനുസരിച്ച് അനുമതി നൽകിയിട്ടുണ്ട്.

CE/R&B/GL-RC/2/2019 തീയതി 30-03 - 2019 പ്രകാരം റസ്റ്റോറേഷൻ വിഡ്ത് , ട്രഞ്ച് വിഡ്തിന്റെ 1.5 മടങ്ങായിരിക്കുമെന്നും ടാറ് റോഡിൽ റസ്റ്റോറേഷൻ വിഡ്ത് , മിനിമം 1 മീറ്റർ ആയിരിക്കുമെന്നും അറിയിട്ടിച്ചുണ്ട്. റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നതിന് റസ്റ്റോറേഷൻ വിഡ്ത് 1.05 മീറ്റർ (0.70x1.5)എടുക്കുന്നതിന് പകരം 0.70 മീറ്റർ മാത്രമാണ് എടുത്തിരക്കുന്നത് . യഥാർത്ഥത്തിൽ ഈടാക്കേണ്ട റെസ്റ്റോറേഷൻ ചാർജ്ജിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| Berm Cutting | 350 X 1.05 = 367.5m2 | 367.5m2 @359.85 /M2= 132245 |
| Tar Road Cutting | 2 X4 X1 =8 M2 | 8 X 3129.12/m2 = 26285 |
| | ആകെ | 158530 |

കുറവ് വന്ന 51000 /-(158530 -107430) KSEB യിൽ നിന്നും ഇടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 6/13-06-22 ) മറുപടി നൽകിയില്ല.

## 1-14 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസിൽ നിന്നും വാടക ലഭ്യമാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള കെട്ടിടത്തില് (കെട്ടിട നം.15/711) ഭക്ഷ്യസുരക്ഷാവകുപ്പിന്റെ അത്രർ സർക്കിൾ ഓഫീസ് പ്രവർത്തിച്ചുവരുന്നുണ്ട് . എന്നാൽ ഈ ഓഫീസിന്റെ വാടകയിനത്തിൽ യാതൊരു തുകയും ലഭ്യമാകുന്നില്ല. കൂടാതെ ടി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റ വൈദ്യുതിചാർജ്ജും ഗ്രാമപഞ്ചായത്താണ് നിലവിൽ അടവാക്കുന്നത്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/14.6.22 ) മറുപടി ലഭ്യമാക്കിയില്ല. വാടകയും വൈദ്യുതിചാർജ്ജും ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പാലിന് സബ്സിഡി- ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടില്ല.

പ്രോജക്റ്റിന്റെ പേര് : പാലിന് സബ്സിഡി

പ്രോജക്റ്റ് നം. : 28

അടങ്കൽ : വികസന ഫണ്ട്- 800000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം: 1300000/-രൂപ

ചെലവ് : 2100000/- (1.ബിൽ നം.1 തീ.29.12.2020-490520/-രൂപ

2.ബിൽ നം.2 തീ.29.12.2020-385872/-രൂപ

3.ബിൽ നം.3 തീ.29.12.2020-368448/-രൂപ

4.ബിൽ നം.5 തീ.12.01.2021-307560/-രൂപ

5.ബിൽ നം.7 തീ.12.01.2021 -492440/-രൂപ

6.ബിൽ നം.11 തീ.31.03.2021-55160/-രൂപ)

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ 2020-21സാമ്പത്തിക വർഷം പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി മേൽ പ്രകാരം ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് നമ്പർ (യു.റ്റി.ആർ) പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. / പ്രോജക്റ്റിന്റെ പേര് | ഗുണഭോക്താവിന്റെപേര് | യു.റ്റി.ആർ നം. | തുക |
|---|---|---|---|---|
| 1 | 28/പാലിന് സബ്സിഡി | രതിമോൾ | U000000831907914 | 3604 |
| 2 | 28/പാലിന് സബ്സിഡി | കുമാരി | U000000831907868 | 908 |
| 3 | 28/പാലിന് സബ്സിഡി | സിബിമോൾ.കെ.എ | U000000831908410 | 3404 |
| 4 | 28/പാലിന് സബ്സിഡി | സിബിമോൾ.കെ.എ | U000000836308018 | 1764 |

| | | | | |
|---|---|---|---|---|
| 5 | 28/പാലിന് സബ്സിഡി | സിബിമോൾ.കെ.എ | U00000856026056 | 114 |
| | 28/പാലിന് സബ്സിഡി | രതിമോൾ | U00000856026074 | 157 |
| | ആകെ | | | 0 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.13.06.2022) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്കർഹമായ തുക അവരുടെ അക്കൌണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ടെക്നിക്കൽ അസിസ്റ്റന്റിന്റെ നിയമന രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നല്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഒരു വർഷത്തേയ്ക്ക് ഒരു ടെക്നിക്കൽ അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പിന്റെ 27.06.2012-ലെ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു. തുടർന്ന് ഓരോ വർഷങ്ങളിലും കരാർ കാലാവധി നീട്ടി നല്കിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നുണ്ട്. ഇപ്രകാരം നിയമിതരായവരുടെ കരാർ കാലാവധി അവരുടെ പെർഫോമൻസ് അപ്രൈസലിന് വിധേയമായി 01.04.2021 മുതൽ 31.03.2022 വരെ ദീർഘിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പിന്റെ 01.02.2021-ലെ 265/2021/ത.സ്വ.ഭ.വ നമ്പർ പ്രകാരം ഉത്തരവായിരുന്നു. ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ നിയമന രേഖകളും കരാറും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17 തീ.16.06.2022) നല്കിയെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ പുതുക്കിയ ഉത്തരവിനനുസൃതമായി കരാർ കാലാവധി പുതുക്കിയിട്ടുണ്ടോയെന്നുള്ള വിവരം പരിശോധിക്കാനായില്ല. രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-17 ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ നിശ്ചിത സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല.

പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വസൂലാക്കുന്ന വിവിധ റിക്കവറി തുകകൾ അതത് സ്ഥാപനങ്ങളിൽ ഒടുക്കിയതിന്റെ കൃത്യമായ രേഖകളോ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രസീതുകളോ വൌച്ചറിനോടൊപ്പം സൂക്ഷിക്കുന്നതായി കണ്ടില്ല. വിവിധയിനങ്ങളിലുള്ള റിക്കവറി തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഒറ്റപ്പുന്ന ശാഖയിലൂടെ എൻ.ഇ.എഫ്.റ്റി വഴി ട്രാൻസ്ഫർ ചെയ്ത് നല്കുകയാണ് ചെയ്തു വരുന്നത്. ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനായി ബാങ്കിലേയ്ക്ക് നല്കുന്ന ആപ്ലിക്കേഷൻ ഫോമിൽ നിശ്ചിത അക്കൌണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന് ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തുന്ന കസ്റ്റമേഴ്സ് കൌണ്ടർഫോയിൽ എന്ന ഒരു ഭാഗം ഉണ്ടെങ്കിലും ആയത് ബാങ്കധികൃതർ സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. ആയതിനാൽ ടി തുകകൾ അതത് സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കാനാകുന്നില്ല. ഉദാഹരണമായി ഏപ്രിൽ മാസത്തെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | ഇനം | ചെക്ക് നം. തീ | തുക |
|---|---|---|---|
| 22000011/02.04.2020 | Ksfe റിക്കവറി | 030799/02.04.2020 | 15000 |
| 22000012/02.04.2020 | കോ-ഓപ്പറേറ്റീവ് റിക്കവറി | 030800/02.04.2020 | 5000 |
| 22000014/02.04.2020 | പെൻഷൻ കോൺട്രിബ്യൂഷൻ- പഞ്ചായത്ത് ഷെയർ | 030802/02.04.2020 | 2220 |
| 22000015/02.04.2020 | പെൻഷൻ കോൺട്രിബ്യൂഷൻ- പഞ്ചായത്ത് ഷെയർ | 030802/02.04.2020 | 2220 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17 തീ.16.06.2022) മറുപടി ലഭ്യമാക്കിയില്ല. അടയ്ക്കുന്ന തുകകൾ അതത് സ്ഥാപനങ്ങളിൽ ലഭ്യമായിയെന്നുറപ്പ് വരുത്തുന്ന രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-18 ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് ഒടുക്കിയത്- രസീപ്റ്റ് ലഭ്യമല്ല.

*മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സ്ഥലംമാറ്റം ലഭിച്ചു വന്ന താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും മറ്റ് പഞ്ചായത്തുകളിലേയ്ക്ക് ഒടുക്കേണ്ട ഫെസ്റ്റിവൽ അഡ്വാൻസ് ഈടാക്കി അതത് പഞ്ചായത്തുകളിലേയ്ക്ക് അടയ്ക്കുന്നതിനായി താഴെപ്പറയും പ്രകാരം പിൻവലിച്ചിട്ടുള്ളതായി കാണുന്നു.*

| ക്രമ നം | ജീവനക്കാരിയുടെ പേര് | തുക ഒടുക്കിയ പഞ്ചായത്തിന്റെ പേര് | തുക | ചെക്ക് നം. തീ |
|---|---|---|---|---|
| 1 | സുമ.എസ്, എൽ.ഡി ക്ലർക്ക് | കോടംതുരുത്ത് | 9000 | 031414/21.05.2020 |
| 2 | ശാലിനി.കെ.പി, എൽ.ഡി ക്ലർക്ക് | തണ്ണീർമുക്കം | 6000 | 031414/21.05.2020 |
| | , | | 15000 | |

*എന്നാൽ ഈ തുക അതത് പഞ്ചായത്തുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിന്റെയൊ, പ്രസ്തുത പഞ്ചായത്തുകൾ തുക കൈപ്പറ്റിയതിന്റെയൊ രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17 തീ.16.06.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 15000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.*

## 1-19 പെയിന്റിംഗ് അധികച്ചെലവ് -2653/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഹോമിയോ ആശുപത്രി ഇരിപ്പട നവീകരണം |
| പ്രോജക്റ്റ് നമ്പർ | S013620 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ജിനോയ് വർഗ്ഗീസ് |
| അളവു പുസ്തകം | 93/17-18 |
| ചെലവു വിവരം | 3/21-04-20 രൂപ199689/- |

ഹോമിയോ ആശുപത്രി ഇരിപ്പട നവീകരണം എന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് 6-ാം എക്സ്ട്രാ ഇനം Applying One Coat Of Water Thinnable Cement Primer Of Approved Brand On Wall Surface എന്നതാണ്. ഇത് 48.28 M2 ചെയ്തതിന് @54.95/m2 നിരക്കിൽ 2653/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ 7-ാംഎക്സ്ട്രാ ഇനം Finishing Walls With Acrylic Smooth Exterior Paint Of Required Shade (Two Or More Coats Applied @1.67 Litre/10sq.metre Over And Including Priming Coat Of Exterior Primer Applied2.20kg/10 Sq.metre) എന്നതാണ്. 7-ാം ഇനത്തിൽ പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് ഉൾപ്പെട്ടിരിക്കുന്നതിനാൽ 6-ാം ഇനത്തിന്റെ ആവശ്യമില്ല. അതിനാൽ 6-ാം ഇനത്തിന് അനുവദിച്ച 2653/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 8/13-06-22 ) മറുപടി നൽകിയില്ല.

## 1-20 ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് - തെറ്റായിട്ട് അളവു രേഖപ്പെടുത്തിയതു വഴി അധികച്ചെലവ് 4076/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് |
| പ്രോജക്റ്റ് നമ്പർ | S0124/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | രാഘവേന്ദ്ര ഷേണായി |
| അളവു പുസ്തകം | 47/19-20 |
| ചെലവു വിവരം | 28/12-10-20രൂപ194662/- |

പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിൽക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒന്നാം നിലയും വരാന്തയും ടൈൽ വിരിച്ചതിന് താഴെപ്പറയും പ്രകാരം അളവ് രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിട്ടിട്ടുണ്ട്.

| | |
|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 1x 5.85 X14.20 = 83.07 M2 |
| Skirting | 2 X 14.20 X0.10 = 2.84 M2<br>2 X 5.85 X0.10 = 1.17 M2 |
| വരാന്ത | 1x 15.5 X1.45 = 22.475 M2 |
| Skirting | 2 X15.5 X 0.10 = 3.10 M2 |

ഷോപ്പിംഗ് കോംപ്ലക്സിന്റെ മുൻവശം റോളിംഗ് ഷട്ടർ സ്ഥാപിച്ചിരിക്കുന്നതിനാൽ ഷോപ്പിംഗ് കോംപ്ലക്സിന്റെയും വരാന്തയുടേയും ഒരുവശം മാത്രം Skirting നൽകിയാൽ മതിയാകും . എന്നാൽ രണ്ടുവശവും Skirting നൽകിയതായി രേഖപ്പെടുത്തി തുക അനുവദിച്ചത് അധികം നൽകാനിയടാക്കി. അധികം നൽകിയ അളവിന്റെയും തുകയുടേയും വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് Skirting | 1 X 14.20 X0.10 =1.42 M2<br>1 X 5.85 X0.10 = 0.585 M2 |
| വരാന്ത Skirting | 1 X15.5 X 0.10 = 1.55 M2 |

| | |
|---|---|
| ആകെ | 3.555m2 |
| അധികം നൽകിയ തുക | 3.555 M2 @1023.65 = 3639<br>(+) Gst 12% --------- 437<br>ആകെ 4076 |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 8/13-06-22 ) മറുപടി നൽകിയില്ല.

## 1-21 സൈറ്റിൽ മണ്ണ് ലഭ്യമായിട്ടുള്ളപ്പോൾ ഇത് ഉപയോഗിക്കാതെ ഫില്ലിംഗിന് കരാറുകാരന് തുക അനുവദിച്ചു.അധികച്ചെലവ് 10392/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പായിക്കാട്ട് തോടിന് ഇരുവശവും കല്ലുകെട്ട് |
| പ്രോജക്ട് നമ്പർ | S0253/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | രാഘവേന്ദ്ര ഷേണായി |
| അളവു പുസ്തകം | 36/19-20 |
| ചെലവു വിവരം | 11/21-04-20 രൂപ 395299/- |

പായിക്കാട്ട് തോടിന് ഇരുവശവും കല്ലുകെട്ട് പ്രവൃത്തിയിൽ എർത്ത് വർക്ക് എക്സ്കവേറ്റ് ചെയ്തപ്പോൾ 19.95 M3 ( അളവു പുസ്തകം പേജ് 1 ) മണ്ണ് സൈറ്റിൽ ലഭ്യമായിരുന്നു. അളവു പുസ്തകത്തിൽ ഇതിന്റെ വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രവൃത്തിയുടെ 4-ാം ഇനം സംരക്ഷണഭിത്തിയുടെ ബാക്ക് ഫില്ലിംഗാണ്. ശരാശരി 0.80 മീറ്റർ കനത്തിൽ ബാക്ക് ഫില്ലിംഗ് നടത്തിയതിന് 10.16 M3 അളവിന് @1022.81/m3 നിരക്കിൽ 10392/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 19.95 M3 മണ്ണ് സൈറ്റിൽ ലഭ്യമായിട്ടുള്ളപ്പോൾ 4-ാം ഇനത്തിന് കരാറുകാരന് തുക അനുവദിച്ചത് ശരിയായ നടപടിയല്ല. കുഴിച്ചെടുത്തപ്പോൾ ലഭിച്ച മണ്ണിന്റെ 60% (11.97 M3 {19.95 X 60%}) ഉപയോഗ യോഗ്യമാണെന്നിരിക്കെ ഇത് ഉപയോഗിക്കാതെ വഴി കരാറുകാരന് തുക അനുവദിച്ചത് അധികച്ചെലനിനിടയാക്കി. ടി തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 8/13-06-22 ) മറുപടി നൽകിയില്ല.

## 1-22 കല്ലുകെട്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് MoRD സ്പെസിഫിക്കേഷനിൽ തയ്യാറാക്കിയത് അധികച്ചെലവിനിടയാക്കി

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന കല്ലുകെട്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് MoRD സ്പെസിഫിക്കേഷനിലാണ്.

1.പായിക്കാട്ട് തോടിന് ഇരുവശവും കല്ലുകെട്ട്

2. ചെറുകാട് MLA റോഡ് സൈഡ് കല്ലുകെട്ട്

3.ചോളോത്ത് തോട് കല്ലുകെട്ട്

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത്. സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി മാത്രം തയ്യാറാക്കിയ പ്രോജക്ടിന് CPWD സ്പെസിഫിക്കേഷനിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിന് പകരം MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അധിക ചെലവിനിടയാക്കി.വിശദാംശം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പായിക്കാട്ട് തോടിന് ഇരുവശവും കല്ലുകെട്ട് |
| പ്രോജക്ട് നമ്പർ | S0253/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | രാഘവേന്ദ്ര ഷേണായി |

| | |
|---|---|
| അളവു പുസ്തകം | 36/19-20 |
| ചെലവു വിവരം | 11/21-04-20 രൂപ 395299/- |

അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച ഇനം MoRD | അനുവദിച്ചതുക | അനുവദനീയമായ ഇനം CPWD | അനുവദനീയമായ തുക | അധികം |
|---|---|---|---|---|
| എർത്ത് വർക്ക് എക്സ് കവേഷൻ | 19.95 M3 @553.17 =11036 | എർത്ത് വർക്ക് എക്സ് കവേഷൻ | 19.95 M3 @247.45 =4937 | 6099 |
| RRDry Rubble Masonary ഒബ്സർവഡ് ഡേറ്റ | 71.46 @3912.29 = 279572 | DRDry Masonary | 71.46 @3734.39 = 266860 (ഒബ്സർവഡ് ഡേറ്റയിൽ നിന്നും OH -5% കുറച്ചതിനുശേഷമുള്ള നിരക്ക്) | 12712 |
| RRMasonary In Cm 1:4 | 7.8 M3 @6704.98 = 52299 | RRMasonary In Cm 1:6 | 7.8 M3 @5897.62 = 46001 | 6298 |
| | | | ആകെ | 25109 |

2.

| | |
|---|---|
| പ്രവ്യത്തിയുടെ പേര് | ചെറുകാട് MLA റോഡ് സൈഡ് കല്ലുകെട്ട് |
| പ്രോജക്ട് നമ്പർ | S0254/20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | രാഘവേന്ദ്ര ഷേണായി |
| അളവു പുസ്തകം | 28/19-20 |
| ചെലവു വിവരം | 10/21-04-20 രൂപ 263998/- |

അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച ഇനം MoRD | അനുവദിച്ചതുക | അനുവദനീയമായ ഇനം CPWD | അനുവദനീയമായ തുക | അധികം |
|---|---|---|---|---|
| എർത്ത് വർക്ക് എക്സ് കവേഷൻ | 20 M3 @553.17 =11063 | എർത്ത് വർക്ക് എക്സ് കവേഷൻ | 20 M3 @247.45 =4949 | 6114 |
| RRDry Rubble Masonary ഒബ്സർവഡ് ഡേറ്റ | 42.4m3 @3912.29 = 165881 | DRDry Masonary | 42.4 M3 @3734.39 = 158338 (ഒബ്സർവഡ് ഡേറ്റയിൽ നിന്നും OH -5% കുറച്ചതിനുശേഷമുള്ള നിരക്ക്) | 7543 |
| RRMasonary In Cm 1:4 | 8.8 M3 @6704.98 = 59004 | RRMasonary In Cm 1:6 | 8.8 M3 @5897.62 = 51899 | 7105 |
| | | | ആകെ | 20762 |

3.

| | |
|---|---|
| പ്രവ്യത്തിയുടെ പേര് | ചോളോത്ത് തോട് കല്ലുകെട്ട് |
| പ്രോജക്ട് നമ്പർ | S0147/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ആന്റണി കെ.എം |
| അളവു പുസ്തകം | 69/19-20 |
| ചെലവു വിവരം | 38/18-02-21 രൂപ 95720/- |

അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച ഇനം | അനുവദിച്ചതുക | അനുവദനീയമായ | അനുവദനീയമായ തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| MoRD | | ഇനം CPWD | | |
| എർത്ത് വർക്ക് എക്സ് കവേഷൻ | 4.42 M3 @553.17 =2445 | എർത്ത് വർക്ക് എക്സ് കവേഷൻ | 4.42 M3 @247.45 =1094 | 1351 |
| RRDry Rubble Masonary ഒബ്സർവഡ് ഡേറ്റ | 16.37 @3912.29 = 64044 | DRDry Masonary | 16.37 @3734.39 = 61132 (ഒബ്സർവഡ് ഡേറ്റയിൽ നിന്നും OH -5% കുറച്ചതിനുശേഷമുള്ള നിരക്ക്) | 2912 |
| RRMasonary In Cm 1:4 | 2.83 M3 @6704.98 = 18975 | RRMasonary In Cm 1:6 | 2.83 M3 @5897.62 = 16690 | 2285 |
| | | | ആകെ | 6548 |

മേല്പറഞ്ഞ 3 പ്രവൃത്തികളിലുമായി അകെ52419 (25109+20762+6548 ) + 6290 (12% GST)= 58709രൂപയുടെ അധികച്ചെലവിനിടയാക്കി.അധികച്ചെലവുണ്ടാകാതിരിക്കന് ശ്രദ്ധിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 8/13-06-22 ) മറുപടി നൽകിയില്ല.

## 1-23 MLA- SNDP റോഡ് ടാറിംഗ് - റോഡ് ഉയർത്തിയ ഭാഗത്ത് മെറ്റലിംഗ് 10cm കനത്തിൽ ചെയ്തത് ഗുണമേന്മയെ ബാധിക്കാനിടയായി

MLA റോഡിൽ നിന്നും ആ.രംഭിക്കുന്ന റോഡിന്റെ നിലവിൽ മെറ്റിൽ ചെയ്തിട്ടുള്ള ഭാഗം പോട്ട് ഹോൾ ഫില്ലിംഗ് നടത്തി രണ്ടാം ലെയർ (ലെയർ 2) മെറ്റലിംഗ് ചെയ്തും ബാക്കി 44.50 മീറ്റർ റോഡ് ഉയർത്തി രണ്ട് ലെയർ (ലെയർ 1&2)മെറ്റലിംഗും ചെയ്ത് ആകെ 100 മീറ്റർ നീളത്തിൽ ടാർ ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.ടി പ്രവൃത്തിയിൽ ചെയിനേജ് 0/170 മുതൽ 0/278 വരെയുള്ള 48 മീറ്റർ നീളം 3 മീറ്റർ വീതിയിൽ ഗ്രാവലിട്ട് ഉയർത്തിയിട്ടുണ്ട്. ഈഭാഗം ഗ്രാനുലാർ സബ് ബേസ് നിർമ്മിക്കുന്നതിന് ഇനം ഉൾപ്പെടുത്തിയിരുന്നെങ്കിലും ചെയ്തിട്ടില്ല. ഫൈനൽ ലെവൽസ് അനുസരിച്ച് 100 മീറ്റർ നീളത്തിലും Wmm ചെയ്തിരിക്കുന്നത് 0.10 മീറ്റർ കനത്തിലാണ്. 10-08-16 ലെ LSGD ചീഫ് എഞ്ചിനിയറുടെ DB3/6512/2013/CE/LSGD നമ്പർ സർക്കുലർ പ്രകാരം WMM ബേസ് ലെയറിന്റെ Compacted Thickness , 0.15 മീറ്റർ ആയിരിക്കണം. എന്നാൽ ഗ്രാവൽ ഉപയോഗിച്ച് റോഡ് ഉയർത്തിയിട്ടുള്ള48 മീറ്റർ നീളം 3 മീറ്റർ വീതിയിൽ രണ്ട് ലെയർ ( ലെയർ 1&2) Wmm ചെയ്തിരിക്കുന്നതിന്റെ ആകെ കനം (Compacted Thickness )0.10 മീറ്റർ മാത്രമാണ്. ഇത് റോഡിന്റെ ഗുണമേന്മയെ ബാധിക്കാനിടയായിട്ടുണ്ടെന്നു ഓഡിറ്റിൽ വിലയിരുത്തുന്നു.സർക്കുലർ നിർദ്ദേശം പാലിച്ച കൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 8/13-06-22 ) മറുപടി നൽകിയില്ല.

## 1-24 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ( അക്കൗണ്ട് നമ്പർ 706071400000003) ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ചെലവഴിച്ച ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | MLA -മേക്കരവെളി റോഡ് ടാറിംഗ് | 2926 | വികസന ഫണ്ട് | 49/24-02-21 രൂപ 720432/- |
| 2 | തോപ്പിൽ കോവിലകം പുത്തൻകരി റോഡ് ടാറിംഗ് | 3990 | റോഡു സംരക്ഷണ ഗ്രാന്റ് | 39/22-2-21 രൂപ 512462/- |
| 3 | കുട്ടൻചാൽ വടക്ക് റോഡ് ടാറിംഗ് | 2128 | വികസന ഫണ്ട് | 54/26-03-21 രൂപ 635113/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിച്ചത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 7/13-06-22 ) മറുപടി നൽകിയില്ല.

## 1-25 ടാർ വീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ടാർ വീപ്പയുടെ വില കുറവു ചെയ്തിരിക്കുന്നത് @266/- രൂപ നിരക്കിലാണ്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഈടാക്കേണ്ടിയിരുന്ന തുക | കുറവ് | ചെലവു വിവരം |
|---|---|---|---|---|---|
| 1 | MLA -മേക്കരവെളി റോഡ് ടാറിംഗ് | 11 X6= 2926 | 11 X281= 3091 | 165 | 49/24-02-21 രൂപ 720432/- |
| 2 | തോപ്പിൽ കോവിലകം പുത്തൻകരി റോഡ് ടാറിംഗ് | 15 X266 =3990 | 15 X281 =4215 | 225 | 39/22-2-21 രൂപ 512462/- |
| 3 | കുട്ടൻചാൽ വടക്ക് റോഡ് ടാറിംഗ് | 8x266= 2128 | 8x281= 2248 | 120 | 54/26-03-21 രൂപ 635113/- |
| 4 | അംഗൻവാടി പരിശ്ശേരി റോഡ് ടാറിംഗ് | 13 X266 = 3458 | 13 X281 = 3653 | 195 | ഉത്തരവ് നമ്പർ441/18-03-21 രൂപ 427432/- |
| | ഗോവിന്ദപുരം ക്ഷേത്രം -തിരുനെല്ലൂർ കായൽ റോഡ് റിപ്പയറിംഗ് | 20 X266 = 5320 | 20 X281 = 5620 | 300 | 37/11-01-21 രൂപ 700000/- |
| | തുരുത്തേക്കടവ് -പനത്തറ റോഡ് | 12 X266 = 3192 | 12 X281= 3372 | 180 | 51/23-03-21 രൂപ 753444/- |
| | വല്യക്കുറ്റ് -മുരിങ്ങനേഴത്ത് റോഡ് പുനരുദ്ധാരണം | 12 X266 = 3192 | 12 X281= 3372 | 180 | ഉത്തരവ് നമ്പർ167/18-08-20 രൂപ 755919/- |
| | വള്ളിക്കാട്ട് റോഡ് ടാറിംഗ് | 12 X266 = 3192 | 12 X281= 3372 | 180 | ഉത്തരവ് നമ്പർ 272/9-11-20 രൂപ 250000/- |
| | സെന്റ് മേരീസ് ഭജനശാലപ്പറമ്പ് റോഡ് മെയിന്റനൻസ് | 18 X266 = 4788 | 18 X281 = 5058 | 270 | ഉത്തരവ് നമ്പർ 377/24-02-21 രൂപ 316000/- |

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത എല്ലാ ടാറിംഗ് പ്രവൃത്തികളിലും മേൽപ്പറഞ്ഞ പ്രകാരം കുറവു വന്ന തുക കണ്ടെത്തി കരാറുകാരിൽ നിന്നും ഇടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/13-06-22) മറുപടി നൽകിയില്ല

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -പ്രോജക്റ്റിനായി ചെലവഴിച്ചത് 5.5ലക്ഷം-ലാപ് ടോപ്പ് വിതരണം നടത്താനായില്ല

I.പ്രോജക്റ്റിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

പ്രോജക്റ്റ് നം. : 32

അടങ്കൽ : വികസന ഫണ്ട്-എസ് സി പി- 440,000/- + തനത് ഫണ്ട് -3,552

ചെലവ് : 440,000/- (ബിൽ നം.37, തീ.16.03.2021)
നിർവഹണം: അസിസ്റ്റന്റ് സെക്രട്ടറി
ടി പ്രോജക്റ്റ് പ്രകാരം 27722/- രൂപ വിലയുള്ള 16 എണ്ണം ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി 443,552/- രൂപ കേരള ഐ റ്റി മിഷന്റെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ , നാളിതുവരെ ലാപ്ടോപുകൾ ലഭ്യമായിട്ടില്ലെന്ന് കാണുന്നു.

II.പ്രോജക്ടിന്റെ പേര് : പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം

പ്രോജക്ട് നം. : 33

അടങ്കൽ : വികസന ഫണ്ട്- (റ്റി എസ് പി)- 53602/- + തനത് ഫണ്ട് - 57286/-

ചെലവ് : 53602/- (ബിൽ നം.38 , തീ.09.09.2020)
തനത് ഫണ്ട് - 57286/-

ടി പ്രോജക്റ്റ് പ്രകാരം27722/- രൂപ വിലയുള്ള 4 എണ്ണം ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി 110,888/- രൂപ കേരള ഐ റ്റി മിഷന്റെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ , നാളിതുവരെ ലാപ്ടോപുകൾ ലഭ്യമായിട്ടില്ലെന്ന് കാണുന്നു.
ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/ 14.06.2022)ലഭ്യമാക്കിയ മറുപടിയിൽ , സി പി സി ആർ എസ് -ൽ നിന്നും ബുക്ക് ചെയ്ത പ്രകാരം ബിൽ ലഭിച്ചപ്പോൾ പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ യൂണിറ്റ് നിരക്കിനേക്കാൾ (27722/-രൂപ) കൂടിയ നിരക്കാണ് (28165/-രൂപ )ബില്ലിൽ രേഖപ്പെടുത്തിയിരുന്നത് എന്നും 25.02.2021 ലെ 2(3)നമ്പർ തീരുമാനപ്രകാരം അടങ്കൽ തുക നല്കുന്നതിനും പദ്ധതി ഭേദഗതിക്ക് അനുമതി ലഭിക്കുമ്പോൾ ബാക്കിയുള്ള തുകക്ക് പദ്ധതി ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചതിന്റേയും അടിസ്ഥാനത്തിൽ കെൽട്രോണിന് തുക കൈമാറുകയാണ് ഉണ്ടായത് എന്നും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി ഭേദഗതി ചെയ്യാൻ സാധിച്ചില്ല എന്നും 2021-22 വർഷം ബാക്കി തുക ട്രഷറിയിൽ ഒടുക്കുകയും വിവരം കെൽട്രോണിനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ് . എന്നാൽ ,ടി കാലയളവിൽ ലാപ് ടോപ്പിന് വില വർദ്ധിച്ചതിനാൽ കെൽട്രോണിന്റെ വെബ്സൈറ്റിൽ ഡിമാന്റ് ചെയ്യുന്നതിന് സാധിച്ചില്ല.ടി വിവരം കെൽട്രോണിനെ അറിയിച്ചപ്പോൾ സൈറ്റിൽ ഡിമാന്റ് ജനറേറ്റ് ചെയ്യാതെ ലാപ് ടോപ് നല്കുവാൻ സാധിക്കുകയില്ലെന്നാണ് അറിയിച്ചിട്ടുള്ളത് എന്നാണ്. മേൽ സാഹചര്യത്തിൽ 25.02.2022 തീയതിയിലെ 1(4)നമ്പർ തീരുമാനപ്രകാരം കെൽട്രോണിൽ നിന്നും തുക തിര്യേ വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുവാനും ആയത് പ്രകാരം , 24.03.2022 തീയതിയിൽ തുക തിരികെ നല്കണമെന്ന് കാണിച്ച് കെൽട്രോണിന് കത്ത് നല്കിയിട്ടുള്ളതും നാളിതുവരെ കെൽട്രോണിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ലയെന്നുമാണ്. തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റൽ അറിയിക്കുന്നത് വരെ 2020-21 വർഷത്തെ ചെലവ് തുകയായ 5,54,440/-രൂപ (4,43,552/-+110,888/-)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
2020-21 വർഷത്തെ അടങ്കലിൽ ഉൾപ്പെടുത്തി രൂപീകരിച്ച ടി പ്രോജക്റ്റിന്റെ പ്രയോജനം നാളിതുവരെ ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്തതും വികസന ഫണ്ട് (എസ് സി പി, റ്റി എസ് പി) ഇനങ്ങളിലെ തുക ലാപ്സ് ആയി പോയതും അംഗീകരക്കാവുന്നതല്ല . ടി വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 1-27 ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയ തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടാത്തത് സംബന്ധിച്ച്.

1.പ്രോജക്ടിന്റെ പേര് : പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി

പ്രോജക്ട് നം. : 40

അടങ്കൽ : വികസന ഫണ്ട്- 87500/-

ചെലവ് : 87500/- (ബിൽ നം. 1 തീ - 20.04.2020)

മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 172500/-

ചെലവ് :172500/- (ബിൽ നം. 25 തീ - 27.03.2020)

ടി പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | ലാലൻ | 2070 |
| 2 | വർഗ്ഗീസ് | 690 |
| 3 | ആഞ്ചമ്മ സേവ്യർ | 690 |
| 4 | ശിവാനന്ദൻ കെ കെ | 690 |
| ആകെ | | 4140 |

2.പ്രോജക്റ്റിന്റെ പേര് - നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി

പ്രോജക്ട് നം. : 43

അടങ്കൽ : വികസന ഫണ്ട്- 115167/-

ചെലവ് : 115167/- (ബിൽ നം. 15 തീ - 13.01.2021- തുക- 101167/-)

(ബിൽനം. 19 തീ- 19.03.2021- തുക- 14000/-)

മറ്റ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 116000/-

ചെലവ് : 114768/- (ബിൽ നം. 16 തീ - 13.01.2021 തുക -101168/-)

(ബിൽനം. 24 തീ- 19.03.2021- തുക- 13600/-)

ടി പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ ട്രഷറിയിൽ നിന്നുള്ള യുണീക് ട്രാൻസാക്ഷൻ റഫറൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | ലാലൻ | 1750 |
| ആകെ | | 1750 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 9 / 14.06.2022 ) ലഭ്യമാക്കിയ മറുപടിയിൽ , ടി പദ്ധതിയിന്മേൽ ഗുണഭോക്താക്കൾക്ക് ബൌൺസ് ആയ സബ്സിഡി തുക Account Correction After Bill Submission Tab മുഖേന മാറ്റം വരുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട് എന്നാണ്. ഭാവിയിൽ ഇത്തരത്തിൽ സാങ്കേതിക തകരാർ മൂലം അക്കൌണ്ടുകളിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടാതെ വരുന്ന തുകകൾ യഥാസമയം ട്രഷറി അധികാരികളെ അറിയിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അധിക തുക നല്കിയത് സംബന്ധിച്ച്.

നാട്ടുവെളിച്ചം(ഹൈമാസ്റ്റ് ലൈറ്റ്)

പ്രോജക്റ്റ് നം - 158

പ്രോജക്ടിന്റെ പേര് -നാട്ടുവെളിച്ചം(ഹൈമാസ്റ്റ് ലൈറ്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ

ധനകാര്യ കമ്മീഷൻ അവാർഡ് - 836782/-

തനത് ഫണ്ട് -163218/-

ആകെ അടങ്കൽ -1000000/-

ചെലവ് -885886/-രൂപ- (1.ട്രഷറി ബിൽ നം.31 തീ.24.11.2020-836782/-രൂപ

2.ചെക്ക് നം.തീ- 49104/-രൂപ)

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ ചെലവിലേക്കായി മേൽ ബില്ലുകൾ പ്രകാരം ആകെ 885886/-രൂപ നല്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഈ പ്രോജക്ടിന്റെ ബിൽ നല്കിയപ്പോൾ താഴെപ്പറയും പ്രകാരമുള്ള അധികച്ചെലവുണ്ടായതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ വേലമൂല്യം | 753583 |
| 12% ജി.എസ്.റ്റി | 90430 |
| എസ്റ്റിമേറ്റ് തയ്യാറാക്കൽ സൂപ്പർവിഷൻ, അളവെടുക്കൽ, വർക്ക് ബിൽ തയ്യാറാക്കൽ തുടങ്ങിയവയ്ക്കുള്ള റെമ്യൂണറേഷൻ (3%) | 25753 |
| ചെക്ക് മെഷർമെന്റിനുള്ള ഓണറേറിയം(1%) | 8584 |
| ആകെ അനുവദനീയമായ തുക | 878350/-രൂപ |
| അനുവദിച്ച തുക | 885886/-രൂപ |
| അധികം നല്കിയ തുക | 7536/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ.15.06.2022) അധികം നല്കിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കാമെന്ന് മറുപടി നല്കി. അധികം നല്കിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

## 1-29 2.5 ലക്ഷത്തിൽ അധികരിച്ച വാങ്ങലുകളിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി. ഈടാക്കിയില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്കായി നല്കിയ തുകയിൽ നിന്നും 2017 ലെ CGST Act/SGST Act ലെ സെക്ഷൻ 51(1), സർക്കാർ ഉത്തരവ് (അച്ചടി) നം.87/2017/തസ്വഭവ., തീ.01.11.2017 എന്നിവ പ്രകാരം 2.50 ലക്ഷം രൂപയിൽ അധികരിച്ച വാങ്ങലുകൾക്ക് സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി. ഈടാക്കിയതായി

കാണുന്നില്ല.

1) പ്രോജക്റ്റ് നം. 201/20-21 –(SO-64/20) - 60 കഴിഞ്ഞ എസ്.സി. വൃദ്ധർക്ക് കട്ടിൽ വാങ്ങൽ

അടങ്കൽ - 417000/- (വികസനഫണ്ട് - എസ്.സി.പി)

- 4950/- (തനത് ഫണ്ട്)

ആകെ - 421950/-

ചെലവ് - 420332/- (ട്രഷറി ബിൽ നം. 1/16.4.20 – 417000/-

ട്രഷറി ചെക്ക് നം.2181672/28.3.20 – രു.3332/-)

ഈ പ്രോജക്റ്റ് പ്രകാരം 98 കട്ടിലുകൾ തമ്പുരാങ്കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നം. 1) TTL 6002/1920/16.3.20 – 257340/-

2) TTL 6035/1920/18.3.20 – 162982/-

നികുതി (18%) കുറച്ചുള്ള തുക – 353211/-

ഈടാക്കേണ്ടിയിരുന്ന നികുതി = 7064/-

2) പ്രോജക്റ്റ് നം. 63/20-21 – അംഗൻവാടി പോഷകാഹാരം

അടങ്കൽ - 2100000/- (1000000 -വികസന ഫണ്ട് - പൊതുവിഭാഗം

900000 – കേന്ദ്രാവിഷ്കൃത ഫണ്ട്

200000 - ജില്ലാ പഞ്ചായത്ത്)

ചെലവ് 1556508/- രൂപ (1000000 -വികസന ഫണ്ട് - പൊതുവിഭാഗം

456508 – കേന്ദ്രാവിഷ്കൃത ഫണ്ട്

100000 - ജില്ലാ പഞ്ചായത്ത്)

ഈ പ്രോജക്റ്റിൽ ട്രഷറി ബിൽ നം. 2006075201660139l449/27.3.21 പ്രകാരം 413056/- രൂപ മാവേലി സ്റ്റോറിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം അംഗനവാടികളിലേക്ക് ഭക്ഷ്യസാധനങ്ങൾ വാങ്ങിയതിന് തിരുനെല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- നം. 1250 – ന് നല്കിയിട്ടുള്ളതാണ് (ഇൻവോയ്സ് നം. 001/3.2.21).

ബിൽ തുക - 413056/-
ജി.എസ്.ടി. - 2966/-
നികുതി കിഴിച്ചുള്ള തുക – 410090/-
ഈടാക്കേണ്ടിയിരുന്ന നികുതി (2%) = 8202/-

മേൽ വാങ്ങലുകളിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി. ഈടാക്കാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/13.6.22) മറുപടി ലഭ്യമാക്കിയില്ല. നികുതി 15266/- (7064 + 8202) ലഭ്യമാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-30 ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ - ഗ്രാമപഞ്ചായത്തിലുൾപ്പെടാത്തയാൾക്ക് നല്കിയത് സംബന്ധിച്ച്

പ്രോജക്റ്റ് നം. 195/20-21 (SO 13/20)

അടങ്കൽ - 250000/- വികസന ഫണ്ട് - പൊതുവിഭാഗം (സാധാരണ വിഹിതം)

ചെലവ് - 248393/- (ട്രഷറി ബിൽ നം.2/16.4.20)

ഐ.സി.ഡി.എസ്. ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റിൽ 18.12.2019 ലെ ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃലിസ്റ്റ് പ്രകാരം വാർഡ് 10, ക്രമ നം. 13 ആയി ആതിര.എസ്. എന്ന വ്യക്തിക്ക് Folding Wheel Chair With Chrome Plated എന്ന ഉപകരണം കെൽട്രോണിൽ നിന്നും വാങ്ങി നല്കിയിട്ടുണ്ട്. (കെൽട്രോൺ ബിൽ നം.PR/114/19-20 /13.2.20)

എന്നാൽ മേൽ വ്യക്തി പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടയാളല്ല. രക്ഷകർത്താവായ ശാന്തിനിയുടെ അപേക്ഷപ്രകാരം 13-ാം വാർഡിൽ രാധേയം വീട്ടിൽ അനിൽകുമാർ മകൾ ആതിര എസ്.എന്നാണ് കാണിച്ചിട്ടുള്ളത്.

ഗുണഭോക്താവിന്റെ വികലാംഗർക്കുള്ള തിരിച്ചറിയിൽ കാർഡ് പ്രകാരവും (നം.ALPMD00420083/5.10.10) ഡിസെബിലിറ്റി സർട്ടിഫിക്കറ്റിലും രക്ഷകർത്താവായ ശാന്തിനിയുടെ റേഷൻകാർഡിലെ(No.1418102662) മേൽവിലാസവും രാധേയം, കഞ്ഞിപ്പാടം പി.ഒ., അമ്പലപ്പുഴ എന്നാണ്. ബാങ്ക് പാസ്ബുക്കും എസ്.ബി.ഐ. അമ്പലപ്പുഴയിലേതാണ് (A/c No.20198401950).

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/13.6.22) മറുപടി ലഭ്യമാക്കിയില്ല.

അർഹരായവർക്ക് പദ്ധതി ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-31 അംഗൻവാടി പോഷകാഹാരം – ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.63/20-21 – അംഗൻവാടി പോഷകാഹാരം

നിർവ്വഹണം – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - 2100000/- (1000000 -വികസന ഫണ്ട് - പൊതുവിഭാഗം

900000 – കേന്ദ്രാവിഷ്കൃത ഫണ്ട്

200000 - ജില്ലാ പഞ്ചായത്ത്)

ചെലവ് 1556508/- രൂപ (1000000 -വികസന ഫണ്ട് - പൊതുവിഭാഗം

456508 – കേന്ദ്രാവിഷ്കൃത ഫണ്ട്

100000 - ജില്ലാ പഞ്ചായത്ത്)

പ്രോജക്ട് നം.264/20-21 -അംഗൻവാടി പോഷകാഹാരം

അടങ്കൽ - 537931/- (വികസന ഫണ്ട് - പൊതുവിഭാഗം )

ചെലവ് - 537931/-

മേൽ രണ്ടു പ്രോജക്ടുകളിലുമായി ആകെ 2094439/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും 2080773/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. വ്യത്യാസം - 13666/- രൂപ.

ഗ്രാമപഞ്ചായത്തിലെ ബിൽ രജിസ്റ്റർ പ്രകാരം 13666/- രൂപ ചെക്ക് നം. 035824/25.3.21 പ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവു രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/13.6.22 ) മറുപടി ലഭ്യമാക്കിയില്ല.

13666/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 1-32 ഇ-ടെന്റർ ഫീസ്

ഗ്രാമ പഞ്ചായത്ത് 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് എൻ.ഐ.സി മുഖേന ഓൺലൈനായി ക്രെഡിറ്റ് വന്ന തുക മുൻവർഷങ്ങളിലേതുൾപ്പെടെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

## 1-33 സാന്ത്വന പരിചരണം - മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. - 160 / 2020-21

അടങ്കൽ - 4ലക്ഷം

ചെലവ് - 4ലക്ഷം

മെഡിക്കൽ ഓഫീസർ , പി . എച്ച് . സി നിർവഹണം നടത്തിയ സാന്ത്വന പരിചരണം എന്ന പ്രോജക്റ്റിനായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി 50,000/-രൂപ , KMCL ഉം (BRN- 20060752015600671208/ തീ-30.10.2020) 10,000/-രൂപ , കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസിയ്ക്കും നല്കിയിരുന്നു (BRN- 20060752015601150470/ തീ- 26.02.2021) . ടി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല . വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10 / തീയതി -14.0622) മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്നാണ്. ആയതിനാൽ , 60,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായതിന്റെ രേഖകൾ , ഇവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-34 പരസ്യ ചാർജ് ഡിസ്കൗണ്ട് അനുവദിച്ചില്ല.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.9/2021) താഴെപ്പറയും പ്രകാരം നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽനം.തീ | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | പത്രത്തിന്റെ പേര് | ട്രഷറി ബിൽ നം./തീ |
|---|---|---|---|---|
| 321000006547/ 23.05.2020 | 8736 | 1310 | മാതൃഭൂമി | 33 തീ. 07.12.2020 |
| 321000014851/ 26.06.2020 | 8736 | 1310 | മാതൃഭൂമി | 18 തീ. 13.09.2020 |
| ആകെ | | 2620 | | |

*അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 2620/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ.15.06.2022) അധികം നല്കിയ തുക പത്രസ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി അറിയിക്കാമെന്ന് മറുപടി നല്കി. തുക സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്നില്ലായെങ്കിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.*

## 1-35 വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നില്ല- ഫൈൻ വർദ്ധിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ 21.04.2020-ലെ 42253 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ തുക യഥാസമയം അടക്കാതിരുന്നതു മൂലം 4935/-രൂപ ഫൈൻ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഫൈൻ തുക കഴിച്ചുള്ള തുകയാണ് തന്മാസം വാട്ടർ അതോറിറ്റിയിലേയ്ക്ക് ഒടുക്കിയത്. പ്രതിമാസം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക പൂർണമായും ഒടുക്കാത്തതു മൂലം പ്രസ്തുത ഫൈൻ തുകയിന്മേൽ വീണ്ടും ഫൈൻ ചുമത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരള വാട്ടർ അതോറിറ്റിയുടെ 08.03.2021-ലെ 50139 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം കുടിശ്ശികയായി ഒടുക്കാനുള്ള തുക 8881/- രൂപയായി (തൻമാസ ഫൈൻ ഉൾപ്പെടെ) വർദ്ധിച്ചിരിക്കുന്നു. കൊറോണ വ്യാപനം മൂലം 2020 മാർച്ച് മാസത്തെ തുക യഥാസമയം ഒടുക്കാൻ സാധിക്കാതിരുന്നതു മൂലമാണ് ഈ ഫൈൻ ചുമത്തപ്പെട്ടതെന്ന് പഞ്ചായത്തിൽ നിന്നും വിശദീകരിച്ചു. മേൽ ഫൈൻ തുക ഒഴിവാക്കി നല്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നല്കുന്നതിനായി 02.06.2021-ലെ 2/4 നമ്പർ പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിലും നാളിതുവരെയായും ഫൈൻ ഒഴിവാക്കിയിട്ടില്ല.

## 1-36 ഗാർഹിക കുടിവെള്ള കണക്ഷൻ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്ടിന്റെ പേര് : സർക്കാർ നിർദേശിക്കുന്ന മറ്റ് അടിയന്തിര പ്രോജക്ടുകൾ

പ്രോജക്ട് നം. : 262/2021

അടങ്കൽ : ധനകാര്യ കമ്മീഷൻ അവാർഡ് - 4500000/-

ചെലവ് : 4500000/- (ട്രഷറി ബിൽ നം.48 തീ.22.03.2021)

നിർവഹണം: സെക്രട്ടറി

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 4401 കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നല്കുന്നതിനായി 4,52,60,000/-രൂപയുടെ (നാല് കോടി അൻപത്തി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ) ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി ജൽജീവൻ മിഷൻ പ്രോജക്ട് ഡിവിഷൻ ആലപ്പുഴയിൽ നിന്നും നല്കിയിരുന്നു. ടി പ്രവർത്തിയുടെ നിർവഹണത്തിലേക്കായി തൻവർഷം 4500000/-രൂപ (നാല്പത്തിയഞ്ച് ലക്ഷം രൂപ) മെമ്പർ സെക്രട്ടറി, സംസ്ഥാന ജല ശുചിത്വ മിഷൻ(SWSM) കേരള വാട്ടർ അതോറിറ്റിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ.15.06.2022) കംപ്ലീഷൻ സർട്ടിഫിക്കറ്റ് / യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെട്ട് കത്തു നല്കിയിട്ടുണ്ടെന്നും ആയത് എത്രയും വേഗം ലഭ്യമാക്കുന്നതാണെന്നും മറുപടി നല്കി. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (4500000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സംസ്ഥാന ജല ശുചിത്വ മിഷനിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള പ്രോജക്ടുകൾ

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം.235/21 - വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി - പടുതാക്കുളവും മത്സ്യക്കുഞ്ഞുങ്ങളുടെ വിതരണവും

അടങ്കൽ - 3936000/- (510000 -വികസന ഫണ്ട് - പൊതുവിഭാഗം

14800 – തനത് ഫണ്ട്

2361600 - ഗുണഭോക്തൃവിഹിതം

262400ബ്ലോക്ക് പഞ്ചായത്ത്

262400ജില്ലാ പഞ്ചായത്ത്

524800 – സംസ്ഥാനാവിഷ്കൃത പരിപാടി)

ചെലവ് 333815/- രൂപ (ട്രഷറി ബിൽ നം. 20060752016401379119/26.3.21 – 321915/-

ട്രഷറി ബിൽ നം. 20060752016401416427/29.3.21 - 11900/-

പ്രോജക്ട് പ്രകാരം കുറഞ്ഞത് 40 ഘനമീറ്റർ ബണ്ട് രൂപീകരിച്ച് 550 Gsmൽ കുറയാത്ത ഷീറ്റ് വിരിച്ച് പടുതാക്കുളം നിർമ്മിക്കുന്നു. സംരക്ഷിത വല ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നു. വീട്ടുവളപ്പിലെ 2 സെന്റ് സ്ഥലത്ത് നിർമ്മിക്കുന്ന കുളത്തിന് വരുന്ന ചെലവ് ഉൾപ്പെടെയുള്ള ചെലവിന് ആനുപാതികമായിട്ടായിരിക്കും ആകെ പ്രവർത്തന ചെലവ് കാണുന്നത്. യൂണിറ്റ് കോസ്റ്റ് 123000/- രൂപയാണ്. 1000 മത്സ്യങ്ങളെ വളർത്തുന്നതാണ് പദ്ധതി.

മേൽ പ്രോജക്ടിന്റെ മാർഗ്ഗരേഖപ്രകാരം താഴെപ്പറയും പ്രകാരമാണ് പ്രവർത്തനചെലവ് കണക്കാക്കിയിട്ടുള്ളത്. (സബ്സിഡി മാർഗ്ഗരേഖ – 6.3- മത്സ്യബന്ധനം - ഉൾനാടൻ മേഖല)

അടിസ്ഥാന സൗകര്യ വികസനം 74000/ (കുളം കുഴിക്കൽ - 18400/- പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും - 38000/-, വാട്ടർ പമ്പ് - വെഞ്ചുറി പമ്പ് - സംരക്ഷിത വല- മറ്റ് ഉപകരണങ്ങൾ - 17600/-, പ്രവർത്തന ചെലവുകൾ 49000/- (മത്സ്യവിത്ത് - 6000/-, തീറ്റ – 41000/-, മെഡിസിൻ - 2000/-).

യൂണിറ്റ് കോസ്റ്റിന്റെ 40% തുകയാണ് സബ്സിഡി. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടു ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്.

ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെകാണുന്ന അപാകതകൾ കാണുന്നു.

1. ആനുകൂല്യം നല്കിയിരിക്കുന്ന 22 ഗുണഭോക്താക്കളിൽ താഴെപ്പറയുന്ന 4 പേരാണ് പടുതാ വാങ്ങിയിട്ടുള്ളതായി ബിൽ ഹാജരാക്കിയിട്ടുള്ളത്.

I. ഉണ്ണി.എസ്., ഇടത്തിൽ

Ii. പി.സി.ഘോഷ്, പുതിയേടത്ത്

Iii. ഇന്ദു എസ്. മണി., മണിഭവൻ

Iv.അശോകൻ, തൈക്കൽചിറ

മേൽ ഗുണഭോക്താക്കളിൽ ആദ്യ മൂന്നുപേർ മാത്രമാണ് വെഞ്ചുറി പമ്പും വാട്ടർ പമ്പും വാങ്ങിയിട്ടുള്ളത്. ശ്രീ. അശോകൻ പടുതാ വാങ്ങിയിട്ടുണ്ടെങ്കിലും വെഞ്ചുറി പമ്പും വാട്ടർപമ്പും വാങ്ങിയിട്ടില്ല. വെഞ്ചുറി പമ്പ് ഇല്ലാതെ പടുതാക്കുളം വൃത്തിയാക്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല.

2. രണ്ട് വ്യക്തികളുടെ മത്സ്യകൃഷി മാത്രമാണ് കൃത്യമായ ഇടവേളകളിൽ നിരീക്ഷിച്ചിട്ടുള്ളതായി കാണുന്നത്.

3. മത്സ്യവിളവെടുപ്പ് സംബന്ധിച്ചോ പ്രോജക്ട് ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ചോ മോണിട്ടറിംഗ് എന്തെങ്കിലും നടത്തിയതായോ രേഖകളൊന്നുംതന്നെയില്ല.

4. 123000/- രൂപ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ള ഈ പദ്ധതിയ്ക്ക് ഗുണഭോക്താക്കളെല്ലാംതന്നെ 30000/- രൂപയ്ക്കുടുത്ത് മാത്രമാണ് ചെലവ് നടത്തിയിട്ടുള്ളത്. ആയതിനുള്ള 40% സബ്സിഡി തുക വിതരണം ചെയ്യുകയുമാണുണ്ടായിട്ടുള്ളത്. മത്സ്യകൃഷി ആരംഭിക്കുന്നതിനുള്ള പ്രാരംഭചെലവുകൾ മാത്രമാണ് ഇവിടെ നടത്തിയിട്ടുള്ളതായി കാണുന്നത്. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം തീറ്റ വാങ്ങിയത് സംബന്ധിച്ചോ ആയതിന് സബ്സിഡി നല്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയില്ല എന്ന് ഇതിൽനിന്നും വ്യക്തമാണ്.

5. മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയത് സംബന്ധിച്ച രേഖകളൊന്നുംതന്നെയില്ല.

6. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടു ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനവും മൂന്നിൽ ഒരു ഭാഗം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെങ്കിലും ഇവിടെ പൂർണ്ണമായും ഗ്രാമപഞ്ചായത്താണ് തുക ചെലവഴിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/13.6.22) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചു എന്നുറപ്പുവരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് കമ്മിറ്റിയും ശ്രദ്ധപുലർത്തേണ്ടതാണ്. ചെലവഴിച്ച തുകയുടെ (333815/-)

മൂന്നിലൊന്നായ 111272/- രൂപ ഫിഷറീസ് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുവേണ്ട മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

പ്രോജക്റ്റിന്റെ പേര് : റോഡ് നിർമാണത്തിന് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക

പ്രോജക്റ്റ് നം. : 232/2021

അടങ്കൽ : തനത് ഫണ്ട് - 75000/-

ചെലവ് :65951/- (1.ചെക്ക് നം.031971തീ.27.06.2020- 27845/-രൂപ

2.ചെക്ക് നം.032466തീ.10.07.2020- 11097/-രൂപ

3.ചെക്ക് നം.032498തീ.13.03.2021- 27009/-രൂപ)

ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം റോഡ് നിർമാണത്തിന് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക എന്ന പദ്ധതിയിൽപ്പെടുത്തി ആകെ 65951/-രൂപ മേൽ ചെക്കുകൾ പ്രകാരം ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിരുന്നു. 12-ാ വാർഡിലെ വേലിക്കകത്ത് കോളനി റോഡ്, കൊട്ടംകാളിക്കൽ റോഡ് എന്നിവയ്ക്കു സമീപം നില്ക്കുന്ന രണ്ട് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി മേൽ ക്രമ നം.3 ചെക്ക് പ്രകാരം 27009/-രൂപ ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേയ്ക്ക് നിക്ഷേപിച്ചിരുന്നു. എന്നാൽ മേൽ പ്രവർത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് / യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ.15.06.2022) കംപ്ലീഷൻ സർട്ടിഫിക്കറ്റ് / യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കെ.എസ്.ഇ.ബി-യിൽ നിന്നും ആവശ്യപ്പെട്ട് കത്തു നല്കിയിട്ടുണ്ടെന്നും ആയത് എത്രയും വേഗം ലഭ്യമാക്കുന്നതാണെന്നും മറുപടി നല്കി. കംപ്ലീഷൻ സർട്ടിഫിക്കറ്റ് / യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 ഐ.കെ.എം വിഹിതം അടവാക്കൽ- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്റ്റിന്റെ പേര് : ഐ.കെ.എം വിഹിതം അടവാക്കൽ

പ്രോജക്റ്റ് നം. : 1/2021

അടങ്കൽ : വികസന ഫണ്ട് - 100740/-

ചെലവ് : 100740/- (ട്രഷറി ബിൽ നം.2 തീ.13.05.2020)

നിർവഹണം: സെക്രട്ടറി

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം-നുള്ള വിഹിതമായി മേൽ പ്രോജക്റ്റ് പ്രകാരം 100740/- രൂപ ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക (100740/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ.15.06.2022) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഐ.കെ.എമ്മിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 ഭക്ഷണക്കിറ്റ് വിതരണം - പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ അക്കൌണ്ടിലേയ്ക്ക് തുക നല്കി

വൌച്ചർ നം.2200058 തീ.08.04.2020

ചെക്ക് നം.030828 തീ.08.04.2020

ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുന്നതിന് മുൻപ് നിരീക്ഷണത്തിൽ ഇരുന്ന കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ എത്തിച്ചു നല്കിയതിന്റെ വിലയായി 8493/-രൂപ നല്കണമെന്നാവശ്യപ്പെട്ട് യശോധരൻ എന്ന വ്യക്തി അപേക്ഷ നല്കിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ച അപേക്ഷയോടൊപ്പം പത്മവിലാസം സ്റ്റോഴ്സ്, കെ.ആർ.പുരം.പി.ഒ, ചേർത്തല എന്ന് സ്ഥാപനത്തിന്റെ ബില്ലുകളും ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ട്രാൻസ്ഫർ ചെയ്ത് നല്കിയിരിക്കുന്നത് പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.രതീഷ്-ന്റെ അക്കൌണ്ടിലേയ്ക്കാണ് ട്രാൻസ്ഫർ (അക്കൌണ്ട് നം.50100242135891, IFS കോഡ്- HDFC0001493) ചെയ്ത് നല്കിയതെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17 തീ.16.06.2022) മറുപടി ലഭ്യമാക്കിയില്ല. ഭക്ഷണക്കിറ്റ് വിതരണം - സ്ഥാപനത്തിന്/ സ്ഥാപന ഉടമയ്ക്ക് തുക നല്കാതെ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ അക്കൌണ്ടിലേയ്ക്ക് തുക നല്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-41 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

1.പ്രോജക്റ്റ് നം.200

പ്രോജക്റ്റിന്റെ പേര്: കന്നുകുട്ടി പരിപാലന പദ്ധതി-(സ്പിൽ ഓവർ)

അടങ്കൽ -വികസന ഫണ്ട് (ജനറൽ): 625000/-രൂപ

സംസ്ഥാനാവിഷ്കൃത ഫണ്ട് : 625000/-രൂപ-

മറ്റുള്ളവ : 1250000/-രൂപ

ആകെ : 2500000/-രൂപ

ചെലവ്:- 625000/-രൂപ (1.ട്രഷറി ബിൽ നം.1 തീ.21.04.2020)

നിർവഹണം:- വെറ്ററിനറി സർജൻ

2.പ്രോജക്ട് നം.85

പ്രോജക്ടിന്റെ പേര്: കന്നുകുട്ടി പരിപാലനം

അടങ്കൽ -വികസന ഫണ്ട് (ജനറൽ): 412050/-രൂപ

തനത് ഫണ്ട് : 450/-രൂപ

മറ്റുള്ളവ : 412500

ആകെ : 825000/-രൂപ

ചെലവ്:- 412500/-രൂപ (1.ട്രഷറി ബിൽ നം.3 തീ.24.02.2021-412050

2.ചെക്ക് നം.5284008 തീ.25.03.2021)

നിർവഹണം:- വെറ്ററിനറി സർജൻ

തൻവർഷം കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി മേൽ രണ്ട് പദ്ധതികൾ പ്രകാരം 1037500/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീ.07.06.2022) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക(1037500/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 ഇരട്ട വീട് ഒറ്റ വീട് ആക്കൽ പദ്ധതി -പണി പൂർത്തകരിച്ചിട്ടില്ല

I.ഇരട്ട വീട് ഒറ്റ വീട് ആക്കൽ പദ്ധതി

103/21

അടങ്കൽ - 400000 (എസ് സി പി) + 400000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് -40000 (എസ് സി പി)

ഫയൽ പരിശോധിച്ചതിൽ , ടി പദ്ധതി പ്രകാരം ആദ്യ ഗഡു (40000 രൂപ ) കൈപ്പറ്റിയ (BRN-20060752016200337879 തീയതി-10.07.2020) ശ്രീമതി. തങ്കമ്മ ലക്ഷ്മണൻ , ചാത്തമംഗലത്ത് , ലക്ഷംവീട് കോളനി (വാർഡ് 15 ) പണി ആരംഭിച്ചിട്ടില്ല. ടി വിവരം ചൂണ്ടക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/ 16.06.2022) ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ , ടി വ്യക്തിക്ക് പണി ആരംഭിയ്ക്കാൻ താത്പര്യം ഇല്ലെങ്കിൽ കൈപ്പറ്റിയ തുക (40,000/-രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## 1-43 തൊഴിലുറപ്പ് പദ്ധതി -ഓരുമുട്ട് നിർമ്മാണം പാർട്ട് 2 -വാർഡ് 10,11 അധികച്ചെലവ് 54745/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഓരുമുട്ട് നിർമ്മാണം പാർട്ട് 2 -വാർഡ് 10,11 |
| നിർവ്വഹണരീതി | തൊഴിലുറപ്പ് പദ്ധതി |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | സുരേഷ് .എസ് .നായർ |
| അളവു പുസ്തകം | 88/20-21 |
| ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി | 29-01-21 |

എ)തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത ഗ്രാമപഞ്ചായത്തിലെ 10,11 വാർഡുകളിൽ 13 ബണ്ടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. 13ബണ്ടുകളുടേയും കൂടി ആകെ നീളം 60 മീറ്ററാണ്. നിർമ്മിച്ചിരിക്കുന്നത് 9 ബണ്ടുകളാണെങ്കിലും ആകെ നീളം 60 മീറ്റർ വരുന്നുണ്ട്. 1/4 :1 അനുപാതത്തിൽ സ്ലോപ്പ് നൽകി മുകൾഭാഗം 1.50 മീറ്റർ വീതി വരുന്ന രീതിയിൽ ശരാശരി 1.5 മീറ്റർ ഉയരത്തിൽ ഓരു മുട്ട നിർമ്മിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ നിറക്കുന്നതിന് നാലാം ഇനമായി പൂഴി (Mooram)സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിന് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന അളവ് 60 X1.5 X2 = 180m3 എന്നാണ്. ഇതനുസരിച്ച് കരാറുകാരൻ 180 M3 പൂഴി നൽകിയതിന് തുക അനുവദിച്ചിട്ടുണ്ട്.

1/4 :1 അനുപാതത്തിൽ സ്ലോപ്പ് നൽകി മുകൾഭാഗം 1.50 മീറ്റർ വീതി വരുന്ന രീതിയിൽ ശരാശരി 1.5 മീറ്റർ ഉയരത്തിൽ ഓരു മുട്ടു നിർമ്മിക്കുമ്പോൾ ഇതിനുള്ളിലെ ഫില്ലിംഗിന് ആവശ്യമായ പൂഴിയുടെ അളവ് ചുവടെ കൊടുക്കുന്നു.

-

| | |
|---|---|
| 1/4 :1 അനുപാതത്തിൽ സ്ലോപ്പ് നൽകി മുകൾഭാഗം 1.50 മീറ്റർ വീതി യിൽ നിർമ്മിക്കുമ്പോൾ നൽകാവുന്ന വീതി | 1.875 (1.5 +1.5 X1/4 ) +1.5<br>2<br>= 1.6875 മീറ്റർ |
| ഫില്ലിംഗിന് ആവശ്യമായ പൂഴിയുടെ അളവ് | 60 X1.6875 X 1.5 = 151.875 M3 |

ടി പ്രവൃത്തിയുടെ ഒന്നാം ഇനമായി എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ 72 M3 മണ്ണ് ലഭിച്ചിട്ടുണ്ട്.കുഴിച്ചെടുത്തപ്പോൾ ലഭിച്ച മണ്ണിന്റെ 60% (43.2m3 { 72 X 60%}) ഉപയോഗയോഗ്യമാണെന്നിരിക്കെ ഇത് ഉപയോഗിക്കാതിരുന്നതു വഴിയും അധികച്ചെലനിനിടയാക്കി. മേൽപ്പറഞ്ഞതു പ്രകാരം യഥാർത്ഥത്തിൽ ഫില്ലിംഗിന് ആവശ്യമായി വരുന്ന പൂഴി യുടെ (Mooram ) അളവ് ----- 151.875 - 43.2 = 108.675 M3 ആണ്.എന്നാൽ കരാറുകാരന്180 M3 നം തുക അനുവദിച്ചിട്ടുണ്ട്. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| യഥാർത്ഥത്തിൽ ഫില്ലിംഗിന് ആവശ്യമായി വരുന്ന പൂഴി യുടെ (Mooram ) അളവ് | 108.675 M3 |
| കരാറുകാരന് അനുവദിച്ച തുക | 180 @ 767.55 /M3 = 138159 |
| ആവശ്യമാകുന്ന തുക | 108.675 @767.55/m3 = 83414 |
| അധികച്ചെലവ് | 54745/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16-06-22) മറുപടി നൽകിയില്ല

ബി)ടി പ്രവൃത്തിയിൽ 13ബണ്ടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നെങ്കിലും 9 ബണ്ടുകളാണ് 60 മീറ്റർ)നിർമ്മിച്ചിട്ടുള്ളത്.ഇതനുസരിച്ച് മൂന്നാം ഇനമായ Bailing Out Water By Engaging Coolies എന്നതിന് അനുവദിക്കാവുന്ന തൊഴിൽ ദിനം എസ്റ്റിമേറ്റ് പ്രകാരം ഒരെണ്ണത്തിന് 5 എന്ന നിരക്കിൽ 45 (9 X5)എണ്ണമാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 65 (13x5)തൊഴിൽ ദിനങ്ങളും അനുവദിച്ചു. അതിനാൽ 20 (65-45) തൊഴിൽദിനം അധികം നൽകാനിടയായി. എസ്റ്റിമേറ്റ് പ്രകാരം ടി പ്രവൃത്തിക്ക് 200 അവിദഗ്ധ തൊഴിൽദിനമാണ് അനുവദിച്ചിരുന്നത് . എന്നാൽ 194 തൊഴിൽ ദിനങ്ങൾ കൊണ്ട് മേൽ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ടെങ്കിലും അധികമായി 20 തൊഴിൽ ദിനങ്ങൾ നൽകിയതിലൂടെ 5820 (20 @ 291 ) വേതനമിനത്തിൽ കൂടുതൽ ചെലവഴിക്കാനിടയായി.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16-06-22) മറുപടി നൽകിയില്ല

## 1-44 തൊഴിലുറപ്പ് പദ്ധതി-ഓരുമുട്ടു നിർമ്മാണം പാർട്ട് 2 -വാർഡ് 7,8,9- അധികച്ചെലവ് 52271/-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഓരുമുട്ടു നിർമ്മാണം പാർട്ട് 2 -വാർഡ് 7,8,9 |
| നിർവ്വഹണരീതി | തൊഴിലുറപ്പ് പദ്ധതി |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | സുരേഷ് .എസ് .നായർ |
| അളവു പുസ്തകം | 87/20-21 |
| ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി | 06-02-21 |

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത ഗ്രാമപഞ്ചായത്തിലെ 7,8,9 വാർഡുകളിൽ 19 ബണ്ടുകൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. 19 ബണ്ടുകളുടേയും കൂടി ആകെ നീളം 70 മീറ്ററാണ്. 1/4 :1 അനുപാതത്തിൽ സ്ലോപ്പ് നൽകി മുകൾഭാഗം 1.50 മീറ്റർ വീതി വരുന്ന രീതിയിൽ ശരാശരി 1.5 മീറ്റർ ഉയരത്തിൽ ഓരു മുട്ടു നിർമ്മിക്കാനാണ് എസ്റ്റിമേറ്റ് തയ്യാരാക്കിയിരിക്കുന്നത്. ഇതിൽ നിറക്കുന്നതിന് നാലാം ഇനമായി പൂഴി (Mooram)സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിന് എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന അളവ് 70 X1.5 X2 = 210m3 എന്നാണ്. ഇതനുസരിച്ച് കരാറുകാരൻ 210 M3 പൂഴി നൽകിയതിന് തുക അനുവദിച്ചിട്ടുണ്ട്.

1/4 :1 അനുപാതത്തിൽ സ്ലോപ്പ് നൽകി മുകൾഭാഗം 1.50 മീറ്റർ വീതി വരുന്ന രീതിയിൽ ശരാശരി 1.5 മീറ്റർ ഉയരത്തിൽ

ഓരു മുട്ട നിർമ്മിക്കുമ്പോൾ ഇതിനുള്ളിലെ ഫില്ലിംഗിന് ആവശ്യമായ പൂഴിയുടെ അളവ് ചുവടെ കൊടുക്കുന്നു.

-

| | |
|---|---|
| 1/4 :1 അനുപാതത്തിൽ സ്ലോപ്പ് നൽകി മുകൾഭാഗം 1.50 മീറ്റർ വീതി യിൽ നിർമ്മിക്കുമ്പോൾ നൽകാവുന്ന വീതി | 1.875 (1.5 +1.5 X1/4 ) +1.5<br>2<br>= 1.6875 മീറ്റർ |
| ഫില്ലിംഗിന് ആവശ്യമായ പൂഴിയുടെ അളവ് | 70 X1.6875 X 1.5 = 177.18 M3 |

ടി പ്രവൃത്തിയുടെ ഒന്നാം ഇനമായി എർത്ത് വർക്ക് എക്സ്കവേഷൻ നടത്തിയപ്പോൾ 58.80 M3 മണ്ണ് ലഭിച്ചിട്ടുണ്ട്.കുഴിച്ചെടുത്തപ്പോൾ ലഭിച്ച മണ്ണിന്റെ 60% (35.28m3 { 58.80 X 60%}) ഉപയോഗ യോഗ്യമാണെന്നിരിക്കെ ഇത് ഉപയോഗിക്കാതിരുന്നതു വഴിയും അധികച്ചെലവിനിടയാക്കി. മേൽപ്പറഞ്ഞതു പ്രകാരം യഥാർത്ഥത്തിൽ ഫില്ലിംഗിന് ആവശ്യമായി വരുന്ന പൂഴി യുടെ (Mooram ) അളവ് ----- 177.18 - 35.28 = 141.9 M3 ആണ്.എന്നാൽ കരാറുകാരന് 210 M3 നും തുക അനുവദിച്ചിട്ടുണ്ട്. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| യഥാർത്ഥത്തിൽ ഫില്ലിംഗിന് ആവശ്യമായി വരുന്ന പൂഴി യുടെ (Mooram ) അളവ് | 141.9 M3 |
| കരാറുകാരന് അനുവദിച്ച തുക | 210 @ 767.55 /M3 = 161186 |
| ആവശ്യമാകുന്ന തുക | 141.9 @767.55/m3 = 108915 |
| അധികച്ചെലവ് | 52271/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/16-06-22) മറുപടി നൽകിയില്ല

## 1-45 വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ തുക അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ ചെയ്ത റോഡ് മെറ്റലിംഗ് ,കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് CPWD സ്പെസിഫിക്കേഷനിലാണ്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ മെറ്റലിംഗിനുള്ള 63mm -45mm സ്റ്റോൺ അഗ്രിഗേറ്റ്,കോൺക്രീറ്റിംഗിനുള്ള40mm സ്റ്റോൺ അഗ്രിഗേറ്റ് എന്നിവയുടെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. താഴെപ്പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ചെയ്യാതിരുന്നത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി/ അളവു പുസ്തകം | കരാറുകാരൻ | സ്റ്റാക്ക് ചെയ്ത അളവ് (M3) | അനുവദിച്ച അളവ് (M3) | അനുവദനീയമായ അളവ് (7.5% കുറവു വരുത്തിയതിനു ശേഷമുള്ള അളവ്) (M3) | അധികം നൽകിയ അളവും തുകയും | ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|---|---|---|
| 1 | പുതിയേടത്ത് റോഡ് മെറ്റലിംഗ്. 47/21 | തങ്കച്ചൻ | 59.1 | 59.1 | 54.67 | 4.43 M3 | 18-06-20 |
| 2 | കളത്തിച്ചിറ തോപ്പിൽ റോഡ് മെറ്റലിംഗ് 27/20-21 | തങ്കച്ചൻ | 94.67 | 94.67 | 87.57 | 7.1 | 12-06-20 |
| 3 | കുന്നേപ്പറമ്പ് കോളനിറോഡ് മെറ്റലിംഗ് 46/20-21 | അനന്ദ പൈ | 30 | 30 | 27.75 | 2.25 | ലഭ്യമാക്കിയില്ല |
| 4 | അണിയന്തറ ഗാന്ധിനഗർ റോഡ് മെറ്റലിംഗ് 13/20-21 | തങ്കച്ചൻ | 25.80 | 25.80 | 23.865 | 1.935 | 18-06-20 |
| 5 | സെന്റ്മേരീസ് | തങ്കച്ചൻ | 44.66 | 44.66 | 41.31 | 3.35 | 20-05-20 |

| | | | | | | | |
|---|---|---|---|---|---|---|---|
| | -കിഴക്കേവെളി റോഡ് ഫോർമേഷൻ & മെറ്റലിംഗ് 62/20-21 | | | | | | |
| 6 | ഫ്രണ്ട്സ് നഗർ റോഡ് മെറ്റലിംഗ് 70/20-21 | തങ്കച്ചൻ | 45 | 45 | 41.625 | 3.375 | 30-10-20 |
| 7 | ദൈവത്തിങ്കൽ റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 32.43 | 32.43 | 30 | 2.43 | 17-06-20 |
| 8 | വായനശാല വടക്കും കര റോഡ് മെറ്റലിംഗ് 79/20-21 | സുരേഷ്.എസ് നായർ | 45.63 | 45.63 | 42.21 | 3.42 | 01-10-20 |
| 9 | ഇട്ടിക്കുന്നേൽ തോട്ടുങ്കൽ റോഡ് ഫോർമേഷൻ & മെറ്റലിംഗ് 58/20-21 | മാത്യൂ റ്റി.യു | 14.97 | 14.97 | 13.85 | 1.12 | 29-06-20 |
| 10 | ചക്കനാട്ട് നടപ്പാത കോൺക്രീറ്റിംഗ് 26/20-21 | തങ്കച്ചൻ | 16.82 | 16.82 | 15.56 | 1.26 | 06-10-20 |
| 11 | ആര്യകാട്ട് നടപ്പാത നിർമ്മാണം 12/20-21 | തങ്കച്ചൻ | 9.7 | 9.7 | 8.973 | 0.727 | 12-06-20 |
| | | ആകെ | | | | 31.397 M3 @2310 = 72527/- | |
| | ക്രമ നമ്പർ 1-11 വരെയുള്ള പ്രവൃത്തികളിലെ സാധനങ്ങളുടെ വില നൽകിയിരിക്കുന്നത് MGNREGS ഫണ്ടിൽ നിന്നുമാണ്. അതിനാൽ MGNREGS ഫണ്ടിനുണ്ടായ നഷ്ടം--72527- | | | | | | |
| 11 | അയ്യൻ കോവിൽ മൂന്നു തോട് റോഡ് മെറ്റലിംഗ് 147/18-19 | മാത്യൂ റ്റി.യു | 50.4 | 50.4 | 46.62 | 3.78 | 17-07-19 |
| 12 | കാവുങ്കൽ കോപ്പുഴ റോഡ് മെറ്റലിംഗ് 48/20-21 | മാത്യൂ റ്റി.യു | 13.60 | 13.60 | 12.58 | 1.02 | 29-03-21 |
| 13 | മുത്തേഴത്ത് റോഡ് മെറ്റലിംഗ് 39/20-21 | തങ്കച്ചൻ | 39 | 39 | 36.075 | 2.925 | 24-02-21 |
| 14 | ചെങ്ങണ്ടക്കരി റോഡ് മെറ്റലിംഗ് 41/20-21 | തങ്കച്ചൻ | 18.50 | 18.50 | 17.112 | 1.388 | 24-02-21 |
| 15 | ആര്യകാട്ട് നടപ്പാത നിർമ്മാണം 12/20-21 | തങ്കച്ചൻ | 9.7 | 9.7 | 8.973 | 0.727 | 12-06-20 |
| | | ആകെ | | | | 9.84 M3 @ 2310 = 22730/- | |
| | ക്രമ നമ്പർ 12-15 വരെയുള്ള പ്രവൃത്തികളിലെ സാധനങ്ങളുടെ വില നൽകിയിരിക്കുന്നത് വികസന ഫണ്ടിൽ നിന്നുമാണ്. | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | അതിനാൽ വികസന ഫണ്ടിനുണ്ടായ നഷ്ടം--22730/- | | | | | | |
| 16 | കൈമാട്ടിച്ചിറ കായൽതോട് കല്ലുകെട്ട് 98/20-21 | അനന്തപൈ | സ്റ്റാക്ക് ചെയ്തിട്ടില്ല ബിൽ പ്രകാരം 99m3 | 98.5235 M3 (റബിൾ) | 91.575 | 7.425 @1900 = 14108 | |
| | ക്രമ നമ്പർ 16 ൽ സാധനങ്ങളുടെ വില നൽകിയിരിക്കുന്നത് MGNREGS ഫണ്ടിൽ നിന്നുമാണ്. അതിനാൽ MGNREGS ഫണ്ടിനുണ്ടായ നഷ്ടം-- 14108/- | | | | | | |

വോയിഡ്സ് കുറവു ചെയ്യാതെ തുക അനുവദിച്ചത് വഴി 109365/-

(72527+22730 +14108 ) രൂപയുടെ അധികച്ചെലവിനിടയാക്കി. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/16-06-22) മറുപടി നൽകിയില്ല

## 1-46 ഗ്രാവൽ ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെതുക അനുവദിച്ചു.

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികളിലെ ഗ്രാവൽ / ഹാർഡ് എർത്ത് ഉപയോഗിച്ചുള്ള ഫില്ലിംഗ് അളവ് രേഖപ്പെടുത്തിയിരിക്കുന്നത് ടേപ്പ് മെഷർമെന്റിലാണ്. എന്നാൽ മേൽ അളവിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെയാണ് താഴെപ്പറയുന്ന പ്രവൃത്തികളിൽ സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. സബ് ഗ്രേഡ് നിർമ്മിക്കുന്നതിനാവശ്യമായ ഹാർഡ് എർത്തിന്റെ അളവ് ഒരു ഇനമായി ഉൾപ്പെടുത്തി ആ അളവിൽ കരാറുകാരെക്കൊണ്ട് സപ്ലൈ ചെയ്ത് സ്റ്റാക്ക് രേഖപ്പെടുത്തി തുക അനുവദിക്കുന്ന രീതിയാണ് എല്ലാ പ്രവൃത്തികളിലും ചെയ്യുന്നത്. കൺസോളിഡേറ്റ് ചെയ്ത് സബ് ഗ്രേഡ് നിർമ്മിക്കുമ്പോഴും ഫില്ലിംഗ് അളവിൽ നിന്നും കൺസോളിഡേഷൻ ഇനത്തിൽ (ഷ്രിങ്കേജ്) 10% കുറവു ചെയ്യാതെയാണ് താഴെപ്പറയുന്ന പ്രവൃത്തികളിൽ സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. ഇത് കരാറുകാർക്ക് സാധന വിലയിനത്തിൽ അധികം നൽകാനിടയാക്കി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | സ്റ്റാക്ക് അളവ്/ ഫില്ലിംഗ് അളവ് (M3) അളവു പുസ്തകം | കൺസോളിഡേഷൻ ഇനത്തിൽ 10% കുറവു ചെയ്യേണ്ടിയിരുന്ന അളവു തുകയും | ഫണ്ട് ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | പുതിയേടത്ത് റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 59.10 M3 47/20-21 | 5.91 M3 @1000 =5910 | 18-06-20 |
| 2 | കളത്തിച്ചിറ തോപ്പിൽ റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 94.67 M3 27/20-21 | 9.467 M3 @1000 = 9467 | 12-06-20 |
| 3 | കുന്നേപ്പറമ്പ് കോളനിറോഡ് മെറ്റലിംഗ് | അനന്തപൈ | 120m3 46/20-21 | 12m3 @1000 = 12000 | ലഭ്യമാക്കിയില്ല |
| 4 | അണിയന്തറ ഗാന്ധിനഗർ റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 25.8m3 13/20-21 | 2.58 @1000 = 2580 | 18-06-20 |
| 5 | സെന്റ്മേരീസ് -കിഴക്കേവെളി റോഡ് ഫോർമേഷൻ & മെറ്റലിംഗ് | തങ്കച്ചൻ | 53.59 M3 62/20-21 | 5.359 M3 @1000 = 5359 | 20-05-20 |
| 6 | ഫ്രണ്ട്സ് നഗർ റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 45m3 70/20-21 | 4.5 M3 @1000 = 4500 | 30-10-20 |
| 7 | ദൈവത്തിങ്കൽ റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 97.29 M3 79/20-21 | 9.729 M3 @1000 = 9729 | 17-06-20 |

| | | | | | |
|---|---|---|---|---|---|
| 8 | വായനശാല വടക്കും കര റോഡ് മെറ്റലിംഗ് | സുരേഷ് എസ് നായർ | 51m3<br>53/20-21 | 5.1m3 @1000 = 5100 | 01-10-20 |
| 9 | ഇട്ടിക്കുന്നേൽ തോട്ടുങ്കൽ റോഡ് ഫോർമേഷൻ & മെറ്റലിംഗ് | മാത്യു റ്റി.യു | 17.96 M3<br>58/20-21 | 1.796 M3@1000 = 1796 | 29-06-20 |
| 10 | ഗ്രാവൽ റോഡ് നിർമ്മാണം വാർഡ് -3 | തങ്കച്ചൻ | 145m3<br>54/20-21 | 14.5 M3 @1000 = 14500 | 06-10-20 |
| 11 | വടക്കേ വേലിക്കകത്ത് കോപ്പയിൽ റോഡ് ഫോർമേഷൻ | തങ്കച്ചൻ | 195 M3<br>64/19-20 | 19.5m3 @1000 =19500 | 17-06-20 |
| 12 | കുട്ടൻചാൽ കളരിക്കൽ റോഡ് ഫോർമേഷൻ | ആൻറണി കെ.എം | 315m3<br>44/20-21 | 31.5 M3 @1000 = 31500 | 12-11-20 |
| 13 | വേലിക്കകത്ത് നടപ്പാത നിർമ്മാണം | തങ്കച്ചൻ | 16 M3<br>33/20-21 | 1.6 M3 @1000 = 1600 | 04-07-20 |
| 14 | ഫ്രെഡിംഗ് യൂണിറ്റ് ഗ്രാവൽ റോഡ് | തങ്കച്ചൻ | 150 M3<br>22/19-20 | 15 M3 @1000 =15000 | 10-04-20 |
| | | | ആകെ | 138541 | |
| | ക്രമ നമ്പർ 1-14 വരെയുള്ള പ്രവൃത്തികളിലെ സാധനങ്ങളുടെ വില നൽകിയിരിക്കുന്നത് MGNREGS ഫണ്ടിൽ നിന്നുമാണ്. അതിനാൽ MGNREGS ഫണ്ടിനുണ്ടായ നഷ്ടം-- 138541/- | | | | |
| 15 | മുത്തേഴത്ത് റോഡ് ഫോർമേഷൻ | തങ്കച്ചൻ | 97.88m3<br>72/20-21 | 9.788 M3 @1000 =9788 | 22-03-21 |
| 16 | ചെമ്പകച്ചുവട് റോഡ് ഫോർമേഷൻ | തങ്കച്ചൻ | 214.80 M3<br>195/18-19 | 21.48 @935 = 20084 | 11-04-20 |
| 17 | കൊച്ചുവെളി റോഡ് ഫോർമേഷൻ | ദീപു.കെ.രാജൻ | 265m3<br>അനുവദിച്ചത് 247m3<br>103/18-19 | 265-26.5 = 238.50 M3<br>അനുവദിച്ചത് 247m3<br>അധികം 8.50 M3 @935 = 7948 | 08-05-20 |
| 18 | കുട്ടൻചാൽ വടക്ക് റോഡ് ഫോർമേഷൻ | തങ്കച്ചൻ | 226m3<br>122/19-20 | 22.6 M3 @1000 = 22600 | 09-11-20 |
| 19 | തൈച്ചിറ കടമ്പനാകുളങ്ങര റോഡ് നിർമ്മാണം | തങ്കച്ചൻ | 300m3<br>26/19-20 | 30 M3 @1000 =30000 | 08-05-20 |
| 20 | .കളത്തിൽ നങ്ങേരത്ത് റോഡ് ഫോർമേഷൻ | ആൻ്റണി കെ.എം | 214.94 M3<br>101/20-21 | 21.494 M3 @1000 = 21494 | 01-04-21 |
| 21 | കാവുങ്കൽ കോപ്പുഴ റോഡ് മെറ്റലിംഗ് | മാത്യു റ്റി.യു | 27.20m3<br>48/20-21 | 2.720m3 @1000 = 2720 | 29-03-21 |
| | | | | | |
| 22 | ശോഭ -ITC അങ്കൻവാടി റോഡ് നിർമ്മാണം | തങ്കച്ചൻ | 144.52 M3<br>19/20-21 | 14.452 M3 @1000 = 14452 | 22-03-21 |
| 23 | മുത്തേഴത്ത് റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 78m3<br>39/20-21 | 7.8 M3 @1000 = 7800 | 24-02-21 |
| 24 | ചെങ്ങണ്ടക്കരി റോഡ് മെറ്റലിംഗ് | തങ്കച്ചൻ | 92.50 M3<br>41/20-21 | 9.250 M3 @1000 = 9250 | 24-02-21 |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 146136 | |
| | ക്രമ നമ്പർ 15- 24രെയുള്ള പ്രവൃത്തികളിലെ സാധനങ്ങളുടെ വില നൽകിയിരിക്കുന്നത് വികസന ഫണ്ടിൽ നിന്നുമാണ്. അതിനാൽ വികസന ഫണ്ടിനുണ്ടായ നഷ്ടം--146136/- | | | | |
| | മുൻ വർഷത്തെ പ്രവൃത്തികൾ | | | | |
| 25 | കരിയിൽ റോഡ് ഫോർമേഷൻ | ദീപു കെ രാജൻ | 157.5 M3<br>അനുവദിച്ചത് 155m3<br>42/18-19 | 157.5 -15.75 =141.75 M3<br>അനുവദിച്ചത് 155m3<br>അധികം 13.25 M3 @ 935 = 12389 | 11-03-19 |
| 26 | കളത്തിൽ ചാത്തമംഗലം -പാട്ടുപുറം റോഡ് ഫോർമേഷൻ | ദീപു കെ രാജൻ | 262 M3<br>105/18-19 | 26.2 M3 @935 = 24497 | 23-03-20 |
| 27 | .അയ്യൻ കോവിൽ മൂന്നു തോട് റോഡ് മെറ്റലിംഗ് | മാത്യു റ്റി.യു | 100.95 M3<br>147/18-19 | 10.095 @935 = 9439 | 15-07-19 |
| 28 | നങ്ങേരത്ത് കളത്തിൽ റോഡ് ഫോർമേഷൻ | ദീപു കെ രാജൻ | 315m3<br>102/18-19 | 31.5 M3 @935 =29453 | 06-01-20 |
| | ആകെ | | | 75778 | |
| | ക്രമ നമ്പർ 25- 28രെയുള്ള പ്രവൃത്തികളിലെ സാധനങ്ങളുടെ വില നൽകിയിരിക്കുന്നത് വികസന ഫണ്ടിൽ നിന്നുമാണ്. അതിനാൽ വികസന ഫണ്ടിനുണ്ടായ നഷ്ടം--75778/- | | | | |

ഷ്രിങ്കേജ് 10% കുറവ് ചെയ്യാതെ തുക അനുവദിച്ചത് വഴി 360455/- (138541+146136 + 75778 ) രൂപയുടെ അധികച്ചെലവിനിടയാക്കി. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/16-06-22) മറുപടി നൽകിയില്ല

## 1-47 വിവിധ പ്രവൃത്തികളുടെ മസ്റ്റർ റോളിലെ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത പ്രവൃത്തികളിലെ മസ്റ്റർ റോളുകളിൽ ധാരാളം അപാകതകൾ സംഭവിച്ചിട്ടുണ്ട്. ഏതാനു ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | മസ്റ്റർ റോൾ നമ്പർ | അപാകത |
|---|---|---|---|
| 1 | ഓരുമുട്ട നിർമ്മാണം പാർട്ട് -2 വാർഡ് - 7,8,9 | 18635 | വാസന്തി , കുമ്പേക്കരി 06-02-21 മുതൽ 12-02-21 വരെയുള്ള ദിവസങ്ങളിൽ ചുവന്ന മഷിയിൽ ആബ്സന്റ് മാർക്ക് ചെയ്തിരുന്നെങ്കിലും അതിന് പുറമേ ഹാജർ രേഖപ്പെടുത്തിയിരിക്കുന്നു. വേതനം അനുവദിച്ചിട്ടില്ല. |
| | | 18636 | 07-02-21 അവധി (ഞായർ) ആയിരുന്നെങ്കിലും 18 പേർ ഹാജർ രേഖപ്പെടുത്തി തുക അനുവദിച്ചു. |
| | | 23713 | Skilled Labourഹാജർ - ഒപ്പിന് പകരം ഡോട്ട് മാർക്ക് ചെയ്തിരിക്കുന്നു. ഹാജർ 2 എന്ന് തിരുത്തി 3 എന്നാക്കി വേതനം നൽകിയിരിക്കുന്നു.<br>മണിയപ്പൻ , പങ്കജാക്ഷൻ എന്നിവർക്ക് വിദഗ്ദ തൊഴിലാളികളുടെ വേതനവും കൂലിതൊഴിലാളികളുടെ വേതനവും നൽകി.<br>പ്രവൃത്തി 06-02-21 മുതൽ 12-02-21 വരെയാണ് ചെയ്തിരിക്കുന്നത്. എന്നാൽ മസ്റ്റർ റോളിൽ കാലയളവ് 20-06-20 മുതൽ 30-03-21 എന്ന് കാണിച്ചിരിക്കുന്നു. |
| 2 | ചക്കനാട്ട് നടപ്പാത | 3841 | പ്രഷില മധു , ശ്യാമള കുമാരി , വത്സല എന്നിവർ 6 ദിവസത്തെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5 ദിവസത്തെ വേതനമാണ് നൽകിയിരിക്കുന്നത്. |
| | | 3847 | എസ്റ്റിമേറ്റ് പ്രകാരം വിദഗ്ദ്ധ തൊഴിൽ ദിനം 5 ഉം അർദ്ധ വിദഗ്ദ്ധ തൊഴിൽ ദിനം 36 മാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ 34 വിദഗ്ദ്ധ തൊഴിൽ |

| | | | |
|---|---|---|---|
| | | | ദിനത്തിനുള്ള വേതനം @1000/- നിരക്കിൽ 34000അനുവദിച്ചിരിക്കുന്നു.<br>അനുവദനീയമായത് 5 @1000 = 5000<br>29 @800 = 23200/- |
| 3 | ശ്രീരാമേശ്വരം പീടിക ഫുട്പാത്ത് തറ കോൺക്രീറ്റിംഗ് | 16934 | സൈറ്റ് ഡയറി പ്രകാരം പ്രവൃത്തി 20-02-20 ൽ ആരംഭിച്ച് 26-02-20 ൽ പൂർത്തിയാക്കി . എന്നാൽ വിദഗ്ധ തൊഴിലാളികൾക്കുള്ള മസ്റ്റർ റോളിൽ 25-03-20 മുതൽ 31-03-20 വരെ എന്നാണ് കാണിച്ചിരിക്കുന്നത്. |
| 4 | തോട്ടുകര ഓലിപ്പുറം റോഡ് | 23651 | വിദഗ്ധ തൊഴിലാളി -സുനിൽകുമാർ , 6 ദിവസവും ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 4 ദിവസം ആബ്സെന്റ് മാർക്ക് ചെയ്ത് 2 ദിവസത്തെ വേതനമേ നൽകിയിട്ടുള്ളൂ.<br>ജോണിച്ചൻ, 6 ദിവസവും ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5 ദിവസം ആബ്സെന്റ് മാർക്ക് ചെയ്ത് ഒരു ദിവസത്തെ വേതനമേ നൽകിയിട്ടുള്ളൂ.<br>വിദഗ്ധ തൊഴിലാളികളെ ആവശ്യമുള ള കോൺക്രീറ്റിംഗ് പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയിരിക്കുന്നത്27-03-21 ലാണ്. എന്നാൽ മസ്റ്റർ റോൾ 01-10-20 മുതൽ 07-10-20 വരെയുള്ളതാണ്. |
